ANNUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കൂബ്യൻ

2010, SEPTEMBER
YAKKOOBYAN MONTHLY



## എട്ടുനോമ്പ് പെരുന്നാൾ

### മണർകാട് സെന്റ് മേരീസ്
### യാക്കോബായ സുറിയാനി കത്തീഡ്രലിൽ

## വാർത്തകൾ

### സഭാ പ്രവർത്തനം സമൂഹത്തിന്റെ വളർച്ചയ്ക്ക്: വയലാർ രവി

ആലുവ: സമൂഹത്തിന്റെ വളർച്ചയ്ക്കും ഉയർച്ച യ്ക്കും വേണ്ടിയുള്ള പ്രവർത്തനമായി സഭാപ്രവർത്തനത്തെ കാണണമെന്നു കേന്ദ്രമന്ത്രി വയലാർ രവി. പരിശുദ്ധ പൗലോസ് മാർ അത്തനാസിയോസിന്റെ മെത്രാഭിഷേക ശതാബ്ദി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പള്ളിയും ആരാധനയും മാത്രമല്ല സഭ. ജനാധിപത്യത്തിൽ സമൂഹത്തെ ബാധിക്കുന്ന കാര്യങ്ങളും സഭാനേതാക്കൾക്കു ശ്രദ്ധിക്കേണ്ടി വരും. പള്ളികൾക്കൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർമിച്ചതാണു ക്രൈസ്തവ സഭയുടെ പാരമ്പര്യം. ഇത്തരം സ്ഥാപനങ്ങൾ നിലനിർത്തിക്കൊണ്ടുപോകാൻ സഹായകരമായ നിലപാട് സർക്കാരിൽ നിന്നുണ്ടാവണം. അതു ലംഘിക്കപ്പെടുമ്പോൾ ചോദ്യം ചെയ്യാനുള്ള അവകാശം സഭാ നേതാക്കൾക്കുണ്ടെന്ന് അദ്ദേഹം ഓർമിപ്പിച്ചു. എല്ലാ വിഭാഗം ജനങ്ങളെയും ഒന്നായി കാണാനുള്ള സവിശേഷ വ്യക്തിത്വം പരിശുദ്ധ പൗലോസ് മാർ അത്തനാസിയോസിനുണ്ടായിരുന്നതായി വയലാർ രവി അനുസ്മരിച്ചു.

ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ അവയവ ദാനത്തിനുവേണ്ടി യാക്കോബായ സഭ ആരംഭിക്കുന്ന സെന്റ് അത്തനാസിയോസ് വിഷൻ ഫൗണ്ടേഷൻ, നൂറുപേർക്കു വീടുവച്ചു നൽകാനുള്ള പദ്ധതി എന്നിവയുടെ ഉദ്ഘാടനവും സഭയുടെ പരിസ്ഥിതി കമ്മിഷന്റെ പ്രവർത്തനോദ്ഘാടനവും മന്ത്രി ജോസ് തെറ്റയിൽ നിർവഹിച്ചു. ഡോ. പി.കെ. വാരിയർ, ഡോ. ടോണി ഫെർണാണ്ടസ്, ഡോ. ജോൺ പുകടിയിൽ എന്നിവരെ സെന്റ് അത്താനാസിയോസ് മെഡൽ നൽകി ആദരിച്ചു.

കേരള ഫുട്ബോൾ ടീം കോച്ച് എം.എം. ജേക്കബ്, സിവിൽ സർവീസ് പരീക്ഷയിൽ ഉന്നത വിജയം നേടിയ എൽദോ മാത്യൂസ് പുന്നൂസ് എന്നിവരെയും ആദരിച്ചു. നേത്രദാനത്തിനുള്ള സമ്മതപത്രം ശ്രേഷ്ഠ കാതോലിക്ക ഡോ. ഫ്രെഡിഫെർണാണ്ടസിനെ ഏൽപ്പിച്ചു.

### ഭാവിതലമുറകൾക്കുവേണ്ടി ഭൂമിയെ സംരക്ഷിക്കണം: മാർ വിതയത്തിൽ

കൊച്ചി: ഭാവി തലമുറകൾക്കുവേണ്ടി മണ്ണും വെള്ളവും വായുവും ഇതര വിഭവങ്ങളും സംരക്ഷിക്കാൻ നമുക്കു ബാധ്യതയുണ്ടെന്നു സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ. സ്വന്തം ശരീരത്തെയെന്നപോലെ ഭൂമിയേയും പരിപാലിക്കണം. ശരീരത്തെ മലിനമാക്കുന്നതുപോലെതന്നെ പാപമാണു ഭൂമിയെ മലിനമാക്കുന്നതും. മലിനമാക്കാനും കുത്തിക്കീറാനുമല്ല, കൃഷി ചെയ്യാനും സംരക്ഷിക്കാനുമാണ് ദൈവം മനുഷ്യനെ ഭൂമിയിലേക്കയച്ചതെന്ന് അദ്ദേഹം പറഞ്ഞു. ഒരു ചെടിയോ കൃമിയോ ഭൂമിയിൽ നിന്ന് ഇല്ലാതാവുമ്പോൾ നാം ജീവിക്കുന്ന ഭവനമായ ഭൂമി അത്രയ്ക്കു ദരിദ്രമാവുകയാണ്.

സമൂഹം ക്രിസ്ത്യാനികളെ വിമർശിക്കുന്നത് ക്രിസ്തുവിനെ പിൻചെല്ലാത്തതിന്റെ പേരിലാണ്. കമ്പോള പ്രവണതകൾ സഭയുടെ വിശുദ്ധ മണ്ഡലങ്ങളെപ്പോലും ബാധിച്ചിരിക്കുന്നതായി അദ്ദേഹം പറഞ്ഞു. ജീവസംരക്ഷണം മുഴുവൻ ലോകത്തിന്റെയും കടമയാണ്. ജീവൻ ദാനമായി സ്വീകരിച്ച നാം ജീവൻ നൽകാൻ കടപ്പെട്ടവരാണ്. കുഞ്ഞുങ്ങൾ പിറക്കുന്നതു ശല്യമായി മാതാപിതാക്കൾ കണക്കാക്കുന്നു. വിദ്യാഭ്യാസവും സാമ്പത്തിക നിലവാരവും ഉയരുമ്പോൾ ജീവന്റെ വാതായനങ്ങൾ അടയ്ക്കുന്ന മരണ സംസ്കാരം നമ്മെ ഗ്രസിക്കുന്നതായി അദ്ദേഹം കുറ്റപ്പെടുത്തി.

### മണർകാട് പള്ളിയിൽ പെരുനാളിന് ഇന്ന് കൊടിയേറുന്നു

മണർകാട്: ആഗോള മരിയൻ തീർഥാടന കേന്ദ്രമായ മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ എട്ടുനോമ്പാചരണം ഒന്നു മുതൽ എട്ടു വരെ നടന്നു. ചരിത്രപ്രസിദ്ധമായ എട്ടു നോമ്പാചരണത്തിൽ പങ്കെടുക്കാൻ 60 ലക്ഷം തീർഥാടകരോളം എത്തുകയുണ്ടായി. നാലിനു കുഴിപ്പുരയിടം കരിമ്പന്നൂർ കുരുവിള കെ. മാണിയുടെ പുരയിടത്തിൽ നിന്നു ഘോഷയാത്രയായി കൊടിമരം പള്ളിയിൽ എത്തിച്ച് കൊടിമരം ഉയർത്തി, അഞ്ചിനു ആധ്യാത്മിക സംഘടനകളുടെ ഏകോപിച്ചുള്ള സമ്മേളനം ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവാ ഉദ്ഘാടനം ചെയ്തു. തോമസ് മാർ തിമോത്തിയോസ് അധ്യക്ഷത വഹിച്ചു. കേന്ദ്രമന്ത്രി അംബിക സോണി മുഖ്യപ്രഭാഷണം നടത്തി.

ആറിനു രണ്ടിനു റാസ. പ്രധാന മദ്ഹഹായിലെ വിശുദ്ധ ത്രോണോസിൽ സ്ഥാപിച്ചിട്ടുള്ള വിശുദ്ധ ദൈവാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായചിത്രം ഏഴിന് ഉച്ചനമസ്കര സമയത്തു ഭക്തജനങ്ങൾക്കു തുറന്നുകൊടുക്കുന്ന ചരിത്രപ്രസിദ്ധമായ നടതുറക്കൽ ചടങ്ങ്. എട്ടിനു രണ്ടിനു പ്രദക്ഷിണം. നേർച്ചവിളമ്പ് ചടങ്ങുകളോടെ പെരുന്നാൾ സമാപിക്കും. 1201 പറ അരിയുടെ പാച്ചോർ നേർച്ചയ്ക്കായി തയാറാക്കും. പള്ളിയുടെ പൂർവചരിത്ര ചിത്ര പ്രദർശനവും ക്രമീകരിച്ചിട്ടുണ്ട്. ഭജനമിരിക്കുന്ന ഭക്തജനങ്ങൾക്ക് എല്ലാ ദിവസവും വൈകിട്ടു നേർച്ചക്കഞ്ഞി സൗജന്യമായി കേഫായുടെ നേതൃത്വത്തിൽ നല്കു.

### പത്തനംതിട്ട കത്തീഡ്രലിൽ വാങ്ങിപ്പ് പെരുന്നാൾ

പത്തനംതിട്ട കത്തീഡ്രലിൽ വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ആഘോഷിച്ചു. 10 മുതൽ 15 വരെ നടന്ന തുമ്പമൺ ഭദ്രാസന കൺവൻഷനിൽ വെരി. റവ. റോയിമാത്യു കോർ എപ്പിസ്ക്കോപ്പാ, മാത്യു ജി. ദാനിയേൽ, ഫാ. ബൈജുചാണ്ടി, ഫാ. കുര്യൻജോയി തുടങ്ങിയവർ പ്രസംഗിച്ചു. 14 ന് ഇടവക മെത്രാപ്പോലീത്ത അഭി. യൂഹാനോൻ മാർമിലിത്തിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും വൈകിട്ട് 7 ന് നഗരംചുറ്റി റാസയും 15 ന് പ. സിനഡ് സെക്രട്ടറി അഭി. ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ വി. കുർബ്ബാനയും പ്രദക്ഷിണവും പാച്ചോർ നേർച്ചയും ഉണ്ടായിരുന്നു. തുടർന്ന് കൊടിയിറങ്ങി. പെരുന്നാളിന് വികാരി ഫാ. സാംസൺ വറുഗീസ്, ഭദ്രാസന സെക്രട്ടറി ഫാ. സാംജി വറുഗീസ്, യൂത്ത് അസ്സോ: സെക്രട്ടറി ഫാ. പോൾ ഇ. വറുഗീസ് തുടങ്ങിയവർ നേതൃത്വം നല്കി.

എഡിറ്റോറിയൽ

# സ്വാതന്ത്ര്യദിനാഘോഷം

നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് അറുപത്തിമൂന്ന് വർഷം പിന്നിട്ടു. ഇത്രയും കാലപ്പഴക്കമുള്ള സ്വതന്ത്രരാജ്യം വേറെയില്ല. ജനാധിപത്യത്തിന് പോറൽ പോലും ഏല്പിക്കാതെ കാത്തുസൂക്ഷിക്കാൻ മുഴുവൻ പൗരന്മാരും ജാഗരുകരാണ്. ഇത്രയും വ്യത്യസ്തത പുലർത്തുന്ന മറ്റൊരു രാജ്യവുമില്ല എങ്കിൽപോലും മതേതരത്വവും പരസ്പര ബഹുമാനവും ഇവിടെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കുന്നു.

എന്നാൽ ദേശവിരുദ്ധ ശക്തികളും വിഘടനവാദികളും ഈ രാജ്യത്തിന്റെ എല്ലാ അന്തസത്തയും വ്യക്തിത്വവും നശിപ്പിക്കാനും രാജ്യത്തെ ഛിന്നഭിന്നമാക്കാനും ജനജീവിതം ദുസ്സഹമാക്കാനും സജീവമായി പ്രവർത്തിക്കുന്നതും എല്ലാ രംഗങ്ങളിലും അഴിമതി കൊടുകുത്തി വാഴുന്നതും രാജ്യം നേരിടുന്ന വിപത്തും വെല്ലുവിളിയുമാണ്.

ഒരേ ഒരിന്ത്യ ഒരൊറ്റ ജനത എന്ന ചിന്തയോടെ പരസ്പര സ്നേഹവും ബഹുമാനവും വളർത്താൻ രാജ്യനന്മക്കും നിലനില്പിനുമായി ഐക്യത്തോടെ പ്രവർത്തിക്കുകയും ദേശവിരുദ്ധരേയും ഭീകരപ്രവർത്തകരേയും ഒറ്റപ്പെടുത്തി ഇല്ലാതാക്കാൻ പരിശ്രമിക്കുകയും വേണം.

ഭാരതത്തിന്റെ ഭരണഘടനയും തനിമയും ശ്രേഷ്ഠതയും കാത്തുസൂക്ഷിക്കാൻ സർക്കാരുകൾ മാത്രമല്ല ഒരോ പൗരനും കടമയുണ്ട്. ന്യൂനപക്ഷ സംരക്ഷണം അധഃസ്ഥിതരുടെ ഉന്നമനവും നമ്മുടെ ലക്ഷ്യവും ഐക്യത്തിനു അനിവാര്യവുമാണ്. പരമാധികരമുള്ള ഒരു ജനതയിൽ ആരും ഒഴിവാക്കപ്പെടുവാൻ പാടില്ല. ഇതൊക്കെ പറഞ്ഞാലും സ്വാതന്ത്ര്യത്തിനുശേഷം നാം ഉണ്ടാക്കിയ വൻനേട്ടങ്ങൾ മറ്റു രാജ്യങ്ങളിൽപോലും അസൂയ വളർത്തിയിട്ടുണ്ട്. അമേരിക്കപോലും സാമ്പത്തിക മന്ദ്യത്തിൽ പെട്ട് ഉഴലുമ്പോൾ ഇന്ത്യ നട്ടെല്ല് നിവർന്ന് മറ്റുള്ളവർക്ക് മാതൃകയായി.

1947 ആഗസ്റ്റ് 14-ന് അർദ്ധരാത്രിയിൽ നമ്മുടെ പ്രഥമ പ്രധാനമന്ത്രി ഇന്ത്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ നടത്തിയ പ്രഭാഷണത്തിൽ ഉദ്ബോധിപ്പിച്ചതുപോലെ "ഭാരതത്തിലെ കർഷകരും തൊഴിലാളികളും സാധാരണക്കാരനും സ്വാതന്ത്ര്യവും അവസരങ്ങളും കരഗതമാക്കുക, ദാരിദ്യത്തോടും അറിവില്ലായ്മയോടും രോഗത്തോടും നിരന്തരം സമരം ചെയ്ത് ഇല്ലാതാക്കി ശ്രേയസ്കരവും പുരോഗമനോന്മുഖവുമായ ഒരു ജനാധിപത്യരാഷ്ട്രം പണിതുയർത്തുക; ഓരോ സ്ത്രീക്കും പുരുഷനും ജീവിതത്തിന്റെ പൂർണ്ണതയും നീയിതും ഉറപ്പാക്കുന്ന സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ സ്ഥാപനങ്ങൾ സൃഷ്ടിക്കുക എന്ന പ്രതിജ്ഞ പൂർണ്ണമായും നിറവേറ്റാന്നതുവരെ വിശ്രമമില്ലാതെ കഠിനമായി പ്രയത്നിക്കണം. ഏതു മതത്തിൽപെട്ടവാരായാലും എല്ലാവരും തുല്ല്യ അവകാശങ്ങളും ആനുകൂല്ല്യങ്ങൾ കർത്തവ്യങ്ങളുമുള്ള ഭാരതപുത്രന്മാരാണ്. ഉത്തരവാദിത്വബോധവും അച്ചടക്കവും നെഞ്ചുറപ്പുമുള്ള ഒരു ജനതക്കേ ഇത് നേടിയെടുക്കാനാവൂ."

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ മറുവിലയായി കൊടുത്ത പക്ഷോപലക്ഷം പേരെ സ്മരിക്കാം. പാപത്തിൽനിന്നും പിശാചിന്റെ അടിമത്വത്തിൽനിന്നും സ്വന്തം ജീവൻ മറുവിലയായി കൊടുത്ത നമ്മെ രക്ഷയുടെ അനുഭവത്തിലെത്തിച്ച യേശുക്രിസ്തുവിനെ ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കാം. "പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും" യോഹ. 8:36. മിസ്രയിമ്യരുടെ അടിമത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന്റെ സ്മരണയാണ് കൂടാരപ്പെരുന്നാൾ ആഘോഷം. യേശുവോ സമഗ്രസ്വാതന്ത്ര്യം നമുക്ക് അനുഭവഭേദ്യമാക്കി. സ്വാതന്ത്ര്യം ക്രിസ്തുവിന്റെ അമൂല്ല്യവും പ്രതിഫലം ആഗ്രഹിക്കാത്തുമായ കൃപാദാനമാണ്. ക്രിസ്തുവിനോട് കൂടിചേർന്നു നില്ക്കുമ്പോൾ പാപ-മരണ-ന്യായ പ്രമാണത്തിൽ നിന്നു സ്വതന്ത്രനായി തീരുന്നു" (റോമ. 8:2). വിമോചനം സിദ്ധിച്ചവർ തെരഞ്ഞെടുക്കപ്പെട്ട ദൈവജനമായി മാറുന്നു. സ്വാതന്ത്ര്യം നല്കുന്ന ആളത്വവും ഉത്തരവാദിത്വവും വലിയ വ്യതിയാനം വ്യക്തിത്വത്തിനു സംഭവിക്കുന്നു. ക്രിസ്തു സ്വജീവൻ കൊടുത്ത് നേടിതന്ന സ്വാതന്ത്ര്യം നിലനിർത്താൻ അതിൽ ഉറച്ചുനില്ക്കാൻ (ഗലാ. 5:10) നമുക്കു കഴിയണം. ഒപ്പം അടിമനുകത്തിൽനിന്ന് സൃഷ്ടി സമൂഹത്തെ വിമോചിപ്പിക്കുന്ന ക്രിസ്തുവിന്റെ ദൗത്യത്തിൽ നാം പങ്കുകാരാകണം. ആ ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. അതു ലോകാവസാന ത്തോളം തുടരണം.



**അലക്സാണ്ടർ കാരയ്ക്കാട്**
**എഡിറ്റർ**




ചോദ്യം: "ഇപ്പോഴത്തെ ചില നൂതന ക്രിസ്തീയ സംഘടനകളുടെ സുവിശേഷഘോഷണത്തെക്കുറിച്ച് എന്താണ് അഭിപ്രായം മാഷേ?

ഉത്തരം: "അവർ ദൈവഭക്തി ആദായസൂത്രം എന്ന് വിചാരിക്കുന്നു. അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായവും ആകുന്നു താനും. ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല. വിടെ നിന്ന് യാതൊന്നും കൊണ്ടുപോകുവാനും കഴിയുന്നതല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതിയെന്ന് വിചാരിക്കുക. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ മൗഢ്യവും ദോഷകരമായ പല മോഹങ്ങൾക്കും ഇരയായിത്തീരുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇത് ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടകന്ന് ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു."

## കേരളത്തിലെ ക്രൈസ്തവ സഭകൾ

# മലങ്കര യാക്കോബായ സുറിയാനി സഭ

യാക്കോബായ സഭയുടെ ഒന്നാം മാർതോമ്മാ 1670–ൽ കാലം ചെയ്കയും അങ്കമാലി പള്ളിയിൽ സംസ്കരിക്കുകയും ചെയ്തു. തുടർന്നു ഭരണം നടത്തിയ രണ്ടാം മാർത്തോമ്മാ 16 വർഷത്തെ ഭരണത്തിനുശേഷം 1686 ൽ മരണമടഞ്ഞു. നിരണം പള്ളിയിൽ കബറടങ്ങി. ഒന്നാം മാർത്തോമ്മായിൽ നിന്നാണ് രണ്ടാം മാർത്തോമ്മായ്ക്ക് കൈവെപ്പു കിട്ടിയത്. പിന്നീടു ഭരിച്ച മൂന്നാം മാർത്തോമ്മായ്ക്ക് രണ്ടാം മാർത്തോമ്മായിൽനിന്നു കൈവെപ്പു സ്വീകരിക്കാൻ കഴിഞ്ഞില്ല. സുറിയാനി മെത്രാൻ മാർ ഈവാനിയോസാണ് പട്ടം നൽകിയത്. നാലാം മാർത്തോമ്മാ മൂന്നാം മാർത്തോമ്മായിൽ നിന്നു കൈവെപ്പു സ്വീകരിച്ചു. നാൽപതു വർഷത്തെ (1688–1728) സഭാ ഭരണത്തിനുശേഷം കണ്ടനാടു പള്ളിയിൽവെച്ച് മരിക്കയും അവിടെ സംസ്കരിക്കുയും ചെയ്തു. തുടർന്ന് ഭരിച്ച അഞ്ചാം മാർത്തോമ്മാ (1728–1765) നാലാം മാർത്തോമ്മായിൽ നിന്നു കൈവെപ്പു സ്വീകരിച്ചു. നിരണം പള്ളിയിൽവെച്ചു മരിക്കുകയും അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു.

ആറാം മാർത്തോമ്മാക്ക്, തന്റെ മുൻഗാമിയിൽനിന്നും ലഭിച്ച പട്ടത്തെപ്പറ്റി സംശയമുണ്ടായിരുന്നു. ഗ്രീഗോറിയോസ് എന്ന അന്ത്യോക്യൻ മെത്രാനിൽനിന്ന് 1770–ൽ ആദിമുതലുള്ള ചട്ടങ്ങളെല്ലാം ഒന്നുകൂടി സ്വീകരിച്ച് മാർ ദീവന്നാസ്യോസ് എന്നു പേരും മാറ്റി. ഇദ്ദേഹത്തിന്റെ കാലത്താണ് തൊഴിയൂർ സഭ ആരംഭിച്ചതും വട്ടിപ്പണം ബാങ്കിൽ നിക്ഷേപിക്കപ്പെട്ടതും. പുത്തൻകൂർ, പഴയകൂർ പുനരൈക്യത്തിനുള്ള അധികാരപത്രം വാങ്ങാൻ കരിയാറ്റി ഔസേഫ് മല്പാൻ റോമിൽപോയി മെത്രാപ്പോലീത്താ ആയി തിരിച്ചെത്തിയ അദ്ദേഹത്തിന് ഗോവായിൽ വെച്ചു ദുരന്തം സംഭവിച്ചു. 1799–ൽ മാർ ദീവന്നാസ്യോസ് കത്തോലിക്കാസഭയിൽ ചേർന്നു. എന്നാൽ അദ്ദേഹത്തെ സുറിയാനി സമുദായത്തിന്റെ ഭരണം ഏൽപിക്കാൻ ലത്തീൻ മിഷനറിമാർ തയ്യാറായില്ല. ഇക്കാരണത്തിൽ 6 മാസത്തിനുശേഷം അദ്ദേഹം തിരിയെ യാക്കോബായ സഭയിലേക്ക് പോന്നു. അദ്ദേഹം 1808–ൽ മരിച്ചു.

ഏഴാം മാർത്തോമ്മായെ 1796–ൽ തന്നെ വാഴിച്ചു എങ്കിലും, ആറാം മാർത്തോമ്മായുടെ മരണശേഷം 1808 ലാണ് ഭരണം തുടങ്ങിയത്. അദ്ദേഹം 1809–ൽ മരിച്ചു. എട്ടാം മാർത്തോമ്മാ 1809 ലും 9–ാം മാർത്തോമ്മാ 1815 ലും വാഴിക്കപ്പെട്ടു.

ഈ കാലഘട്ടത്തിൽ ആംഗ്ളിക്കൻ സഭയിൽപ്പെട്ട മിഷനറിമാർ കേരളത്തിൽ വരുകയും യാക്കോബായ സഭയുമായി സഹകരിച്ച് മിഷനറി പ്രവർത്തനങ്ങൾ തുടരുകയും കോട്ടയം പഴയ സെമിനാരി സ്ഥാപിക്കുകയും വട്ടിപ്പണത്തിന്റെ പലിശ വാങ്ങുകയും മറ്റുമെന്നത് ഇക്കാലത്താണ്. എട്ടും ഒൻപതും മാർത്തോമ്മാമാരുടെ കൈവെപ്പ് യഥാർത്ഥമല്ലെന്ന കാരണത്താൽ അവർക്ക് സഭയിൽ ഭരണം നടത്താൻ കഴിഞ്ഞിരുന്നില്ല. പുലിക്കോട്ട് ഔസേഫ് റമ്പാൻ കായങ്കുളത്തുള്ള പീലിപ്പോസ് റമ്പാൻ എന്നിവരുടെ നേതൃത്വത്തിൽ എതിർപ്പുണ്ടായി. ഒൻപതാം മാർത്തോമ്മാ കടമറ്റം പള്ളിയിൽ സന്യാസ ജീവിതം നയിച്ചു. ഇക്കാലഘട്ടത്തിൽ തൊഴിയൂർ സഭയിലെ കിടങ്ങൻ മാർ പീലക്സിനോസിൽനിന്ന് പുലിക്കോട്ടു ഔസേഫ് റമ്പാൻ മെത്രാൻ പട്ടം സ്വീകരിച്ച് മലങ്കര മെത്രാപ്പോലീത്തായായി 1816 വരെ ഭരണം നടത്തി. അദ്ദേഹത്തിന്റെ മരണശേഷം പുന്നത്ര മാർ ദീവന്നാസിയോസിനെ മെത്രാപ്പോലീത്തയായി തൊഴിയൂർ മാർ പീലക്സിനോസ് വാഴിച്ചു. അദ്ദേഹം 1817 മുതൽ 1825 വരെ സഭയിൽ ഭരണം നടത്തി. 1825–ൽ മേൽപാട്ട് മാർ പീലക്സിനോസാണ്. ഇദ്ദേഹത്തിന്റെ കാലത്താണ് ആംഗ്ളിക്കൻ മിഷ്യനറിമാരുമായി യാക്കോബായ സഭയുടെ ബന്ധം വിടർത്തിയത്. 1836–ൽ മാവേലിക്കരവെച്ച് നടത്തപ്പെട്ട സുന്നഹദോസിലാണ് ഇതിനുള്ള തീരുമാനം എടുത്തത്. ആംഗ്ളിക്കൻ ബന്ധം അവസാനിപ്പിക്കുന്നതിനുള്ള പരിശ്രമത്തിൽ മേൽപാട്ടു മാർ ദീവന്നാസിയോസ് അന്ത്യോഖ്യയുമായി കൂടുതൽ അടുക്കുന്നതിന് ഇടയായി. അന്ത്യോക്യയുടെ പാത്രിയർക്കീസിന്റെ നേതൃത്വം ഏറ്റുപറയുകയും അന്ത്യോഖ്യൻ ആരാധനാക്രമം പരക്കെ നടപ്പിലാക്കാൻ തുടങ്ങുകയും ചെയ്തു. കൂനൻകുരിശു സത്യത്തിൽ ഉറച്ചു നിന്നവർ അന്ത്യോഖ്യായുടെ പരമാധികാരത്തെ അംഗീകരിച്ചു.

എന്നാൽ മാത്യൂസ് മാർ അത്താനാസ്യോസ് അന്ത്യോഖ്യയിൽനിന്നും പട്ടമേറ്റ് 1843–ൽ വന്നപ്പോൾ മെത്രപ്പോലീത്താ ആയിരുന്ന മേൽപാട്ടു മാർ ദീവന്നാസിയോസുമായി അധികാര വടംവലി നടന്നു. 1846–ൽ മാർ ദീവന്നാസ്യോസ് അന്ത്യോഖ്യൻ യാക്കോബായ മെത്രാനായ കൂറിലോസിനുവേണ്ടി സ്ഥാനത്യാഗം ചെയ്തു. എന്നാൽ 1852–ൽ മാർ അത്താനാസ്യോസിനെ അംഗീകരിച്ചുകൊണ്ട് രാജകീയ വിളംബരം ഉണ്ടായി. തുടർന്ന് അദ്ദേഹം സഭാഭരണം ഏൽക്കുകയും 1876 വരെ തുടരുകയും ചെയ്തു.

1864–ൽ മർദീനിൽപോയി യാക്കോബായ രണ്ടാമൻ പാത്രിയർക്കീസിൽനിന്നും മെത്രാൻ പട്ടം ഏറ്റുവന്ന പുലിക്കോട്ടു മാർ ദീവന്നാസ്യോസ് സഭാദ്ധ്യക്ഷസ്ഥാനത്തിനു വേണ്ടി മാത്യൂസ് മാർ അത്താനാസ്യോസുമായി കേസു നടത്തി. എന്നാൽ 1876 വരെ മലങ്കരയിൽ ഭരണം നടത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 1876 ൽ പുലിക്കോട്ടു മാർ ദീവന്ന്യാസ്യോസ് അധികാരമേറ്റു. അന്ത്യോഖ്യൻ പാത്രിയർക്കീസ് പത്രോസ് മൂന്നാമന്റെ നേതൃത്വത്തിൽ കേരളത്തിൽവെച്ച് (മുളന്തുരുത്തി) ഒരു സിനഡു നടന്നു. ഈ സിനഡ് നവീകരണക്കാരായ മാത്യൂസ് മാർ അത്താനാസ്യോസിന്റെയും അബ്രഹാം മൽപാന്റെയും അനുയായികളെ സഭാഭ്രഷ്ടരാക്കി. അവർ മാറി പുതിയ ഒരു സഭ തുടങ്ങി. പിൽക്കാലത്ത് 'മാർത്തോമ്മാ സുറിയാനി സഭ' എന്ന് അറിയപ്പെടുന്ന സഭയുടെ തുടക്കം ഇതാണ്. ഇവരും അന്ത്യോഖ്യയ്ക്ക് കൈവെപ്പിന്റെ പിൻതുടർച്ച അവകാശപ്പെടുകയും ഭരണഘടനയിൽ ചേർക്കുകയും ചെയ്തു.

1876–ൽ സഭയെ പാത്രിയർക്കീസ് ഏഴു ഭദ്രാസനങ്ങളായി തിരിച്ചു. അന്നുവരെ മലങ്കര സഭ ഒരു ഭദ്രാസനം മാത്രമായിരുന്നു. സഭാദ്ധ്യക്ഷന് അന്ന് സ്ഥാനം ഇല്ലായിരുന്നു. എന്നാൽ ഇക്കാലത്ത് പഴയ സെമിനാരി, അദ്ധ്യക്ഷന്റെ ആസ്ഥാനമായിത്തീർന്നു. മുളന്തുരുത്തി സിനഡിനുശേഷം മാർത്തോമ്മാ സഭക്കാരുമായി വ്യവഹാരം നടത്തി. പള്ളികളെല്ലാം പിടിച്ചെടുത്തു. 1909–ൽ വട്ടശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആയി.

# പൂവിതളുകൾ കൊണ്ടൊരു ജപമാല

**ആനി വി. തോമസ്**

ആകയാൽ കർത്താവ് വരുവോളം സമയത്തിനു മുമ്പെ ഒന്നും വിധിക്കരുത് അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും അന്ന് ഓരോരുത്തന്നു ദൈവത്തിങ്കൽ നിന്നു പുകഴ്ച ഉണ്ടാകും (1 കൊരിന്ത്യർ 4:5).

ദൈവഹിതത്തിനു പരിപൂർണ്ണമായി വിധേയപ്പെട്ടു മനുഷ്യർക്കു അസാദ്ധ്യമായത് ദൈവത്തിനു സാധ്യം എന്നു വിശ്വസിച്ചിരുന്ന ആദിമ ക്രൈസ്തവരിൽനിന്ന് ഒരു ഗുണപാഠം കഥ ഉദ്ധരിക്കുവാനാണ് ഇത് എഴുതിയത്. ഇഗ്നാത്യോസ് നൂറോനോ എന്ന നമ്മുടെ പുരാതന പാത്രിയർക്കീസ് കർത്താവിനുവേണ്ടി രക്തസാക്ഷി മരണം വരിക്കുവാൻ തയ്യാറായിരുന്നെന്ന് നാം വായിക്കുന്നു.

കത്തോലിക്കാ സഭയിൽ പ്രസിദ്ധമായ കൊന്തനമസ്കാരത്തിനു Rosary റോസറി എന്ന പേര് കൈവന്നതിലെ ചരിത്രം. ആദിമസഭയിൽ വധശിക്ഷക്ക് വിധിക്കപ്പെട്ടിരുന്ന രക്തസാക്ഷികൾ റോസാപൂക്കൾകൊണ്ടുള്ള ഒരു കിരീടം ധരിച്ചുകൊണ്ടായിരുന്നുവത്രെ കൊലക്കളത്തിൽ പോയിരുന്നത് അവരുടെ മരണശേഷം വിശ്വാസികൾ ഈ കിരീടവും പൂക്കളും ഇതളുകളും ശേഖരിച്ചു കൊണ്ടുവരും അവർ കീടിയിരുന്നു ഓരോ ഇതളിനും ഒരു സ്വർഗ്ഗസ്ഥനായ പിതാവെ എന്ന കണക്കിൽ പ്രാർത്ഥന ആവർത്തിച്ചു ജപം ചെയ്യുന്നതിനാണ് Rosary എന്നു വിളിക്കുന്നത്.

പീഡിപ്പിക്കുവാൻ വരുന്ന ശൗലിലും ഒരു പൗലോസുണ്ടെന്നു നാം മുൻകൂട്ടി കാണണം. അതാണ് ക്രൈസ്തവസാക്ഷ്യം. സ്തെഫാനോസിനെ മാതൃകയാക്കി ഒരു ക്രിസ്ത്യാനിതന്നെ പീഢകളെ സമീപിക്കേണ്ടതാണ്.

സ്തേഫാനോസിന്റെ അന്ത്യപ്രാർത്ഥന ഒരു പ്രവചനം ആയിരുന്നു. കാരണം അദ്ദേഹം തന്റെ വസ്ത്രം സൂക്ഷിച്ച പൗലോസിനോട് ക്ഷമിക്കാൻ വിധിക്കപ്പെട്ടവനായി മാറി. കാരണം കർത്താവ് എന്ന മണവാളൻ ഏവരോടും ക്ഷമിക്കുമ്പോൾ തോഴന്മാർക്ക് ക്രോധം വച്ചു പുലർത്താനാവുമോ? നമ്മെ പീഡിപ്പിക്കുന്നവരെ നശിപ്പിക്കാൻ പ്രാർത്ഥിക്കുന്നത് കർത്താവിന്റെ ഹിതമല്ല. പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിന്മന്മാരാവുന്നതും ദൈവരാജ്യത്തിന്റെ നീതിയാണ്. നമുക്കു പൊറുക്കുവാനും പല്ലുകടിക്കുവാനും എതിരായി പ്രാർത്ഥിക്കുവാനും അവകാശമില്ല. ഇവിടെയാണ് ശത്രുവിനെ സ്നേഹിക്കണം എന്ന ക്രിസ്തുവചനത്തിന്റെ പൊരുൾ പൂർത്തിയാവുന്നത് Acts 7:58 അവനെ (സ്തഫാനോസിനെ) നഗരത്തിൽ നിന്നു തള്ളിപുറത്താക്കി കല്ലെറിഞ്ഞു സാക്ഷികൾ തങ്ങളുടെ വസ്ത്രം ശൗൽ എന്നു പേരുള്ള ഒരു ബാല്യക്കാരന്റെ കാൽക്കൽവച്ചു. "കർത്താവായ യേശുവേ എന്റെ ആത്മാവിനെ കൈക്കൊള്ളണമെ" എന്നു സ്തഫാനോസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു. അവനോ മുട്ടുകുത്തി കർത്താവേ അവർക്കു ഈ പാപം നിറുത്തരുതെ എന്ന് ഉച്ചത്തിൽ നിലവിളിച്ചു ഇതു പറഞ്ഞിട്ട് അവൻ നിദ്രപ്രാപിച്ചു. Acts 8:1 അവനെ കൊലചെയ്തു ശൗലിനു സമ്മതമായിരുന്നു. Acts 9:1-18 ശൗൽ കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കൊലയും നിശ്വസിച്ചു കൊണ്ടു മഹാപുരോഹിതന്റെ അടുക്കൽ ചെന്നു ദമസ്ക്കൊസിൽ ഈ മാർഗ്ഗക്കാരായ വല്ലപുരുഷന്മാരെയോ സ്ത്രീകളെയോ കണ്ടാൽ അവരെ പിടിച്ചുകെട്ടി യെരുശലേമിലേക്കു കൊണ്ടുവരുവാൻ തക്കവണ്ണം അധികാരപത്രം വാങ്ങി. അവൻ പ്രയാണം ചെയ്തു ദമസ്ക്കൊസിനു സമീപിച്ചപ്പോൾ പെട്ടെന്ന് ആകാശത്തുനിന്ന് ഒരു വെളിച്ചം അവന്റെ ചുറ്റുംമിന്നി, അവൻ നിലത്തു വീണു, ശൗലെ ശൗലെ നീ എന്നെ ഉപദ്രവിക്കുന്നത് എന്തു എന്നു തന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു. നീ ആരാകുന്നു കർത്താവേ എന്ന് അവൻ ചോദിച്ചതിനു നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക. നീ ചെയ്യേണ്ടുന്നത് അവിടെവച്ചു നിന്നോടു പറയും എന്ന് അവൻ പറഞ്ഞു. അപ്പോസ്തോലനായ പൗലോസ് എന്ന ശൗലും സ്തെഫാനോസും തമ്മിൽ സ്വർഗ്ഗത്തിൽ എന്തു ബന്ധമായിരിക്കും എന്നു ചിന്തിച്ചിട്ടുണ്ടെങ്കിൽ ഭൂമിയിൽ രക്തചൊരിച്ചിലുകൾ ആവർത്തിക്കുകയില്ലായിരുന്നു.

ഏതൊരു പ്രവൃത്തിയും ആരംഭിക്കുന്നതും അവസാനിക്കുന്നതും, അതിന്റെ ഗതിവിഗതികൾ നിർണ്ണയിക്കുന്നതും ദൈവമാണ്. മനുഷ്യൻ ഉപകരണങ്ങളും കളിപ്പാട്ടങ്ങളും മാത്രം. അതുകൊണ്ട് ഏതു സംഭവത്തെക്കുറിച്ചും അറിയുമ്പോൾ ഇപ്രകാരമുള്ള ഒരു മുൻവിധി സൂക്ഷിക്കുന്നതു നന്നായിരിക്കും. വാക്യം വായിക്കുക. Acts 5:38,39 ഈ ആലോചനയോ പ്രവൃത്തിയോ മാനുഷം എന്നു വരികിൽ അതു നശിച്ചുപോകും ദൈവികം എങ്കിലോ നിങ്ങൾക്ക് അതു നശിപ്പിക്കാൻ കഴികയില്ല. നിങ്ങൾ ദൈവത്തോടു പോരാടുന്നു എന്നു വരുന്നതല്ലോ എന്നു പറഞ്ഞു.

ദൈവം ഒരു ശൂശാന് ഒരു ദാനിയേലിനെ ഉയിർത്തെഴുന്നേപ്പിക്കുന്നവനാണ്. സത്യം എന്നെങ്കിലും സ്വതന്ത്രമാകും. അതു ദൈവത്തിന്റെ നീതിയാണ്.

## യാക്കോബായ സഭയ്ക്ക് കൊല്ലത്ത് പുതിയ ദൈവാലയം

കൊല്ലം ഭദ്രാസനത്തിന്റെ സിരാകേന്ദ്രമായ കൊല്ലം പട്ടണത്തിൽ യാക്കോബായ സുറിയാനി സഭയ്ക്ക് പുതിയ ദൈവാലയം ഉയരുന്നു. പുതിയ പള്ളിയുടെ ശിലാസ്ഥാപനം കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത മാത്യൂസ് മോർ ദേവദോസിയോസ് മെത്രാപ്പോലിത്ത സെപ്റ്റംബർ 9 ന് നിർവ്വഹിച്ചു. പ. പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് ആശിർവദിച്ച ശിലയാണ് അടിസ്ഥാന മൂലക്കല്ലായി സ്ഥാപിച്ചത്. ഈ സ്ഥാപനത്തിന്റെ നിർമ്മാണത്തിന് സഭാംഗങ്ങൾ പ്രാർത്ഥിക്കുകയും കഴിയുന്ന സാമ്പത്തിക സഹായങ്ങൾ നല്കുകയും ചെയ്യണമെന്ന് മെത്രാപ്പോലിത്ത അഭ്യർത്ഥിച്ചു.

# ക്നാനായ ഭദ്രാസനത്തിന് 100 വയസ്

**വർഗീസ് ജോൺ, തോട്ടപ്പുഴ**

*ക്നാനായ സമുദായം സുറിയാനി സഭയുടെ അവിഭാജ്യഘടകമാണ്. മലങ്കരയിലെ ഭദ്രാസനം രൂപീകൃതമായിട്ട് ഇക്കൊല്ലം 100 വർഷം തികയുകയാണ്. സീറോ-മലബാർ കത്തോലിക്കാ റിത്തിൽ ഉൾപ്പെട്ട ക്നാനായക്കാർക്ക് പ്രത്യേകമായി 'കോട്ടയം വികാരിയത്ത്' അനുവദിച്ചത് 1911-ലാണ്.*

മലങ്കര സുറിയാനി സഭയിലെ നിർഭാഗ്യകരമായ കക്ഷിവഴക്ക് ആരംഭിക്കുന്നതിനു (1911) തൊട്ടുമുമ്പാണ് ക്നാനായ ഭദ്രാസനത്തിന്റെ രൂപീകരണം സഭയിൽ ഭിന്നിപ്പുണ്ടായതിനുശേഷം ക്നാനായ ഭദ്രാസനം ഏതാണ്ട് പൂർണമായി അന്നത്തെ ബാവാകക്ഷി (പാത്രിയർക്കീസ് പക്ഷം)യോടൊപ്പമാണ് നിലകൊണ്ടത്. പിന്നീട് ക്നാനായ ഭദ്രാസനവും ഏബ്രഹാം മാർ ക്ലീമീസ് മെത്രാപ്പോലീത്തായും യോജിച്ച മലങ്കരസഭയുടെ (1985-1975) ഭാഗമായിത്തീർന്നു.

പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ മലങ്കര സന്ദർശന കാലത്ത് (1875-1877) ക്നാനായ സമുദായത്തിൽ നിന്ന് ഒരാളെ മേൽപ്പട്ടക്കാരനായി വാഴിക്കുന്നതിന് ആലോചിച്ചിരുന്നെങ്കിലും അതു നടപ്പായില്ല. സഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചപ്പോൾ അന്നുണ്ടണ്ടായിരുന്ന എട്ടു ക്നാനായ പള്ളികൾ കൊച്ചി, അങ്കമാലി ഒഴികെയുള്ള അഞ്ചു ഭദ്രാസനങ്ങളിൽ ചേർക്കുകയാണുണ്ടായത്.

വെളിയനാട് മാർ സ്തേഫാനോസ് സഹദാ പള്ളിയിൽ 1882 ജനുവരി 20 (മകരം 8)ന് കൂടിയ യോഗം 'മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മറ്റി' രൂപീകരിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ രക്ഷാധികാരിയും കോട്ടയം ഭദ്രാസനത്തിന്റെ കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പ്രസിഡന്റും ഇടവഴിക്കൽ ഇ.എം. ഫീലിപ്പോസ് സെക്രട്ടറിയുമായിരുന്നു. സമുദായത്തിന്റെ ഐക്യത്തിനും വളർച്ചയ്ക്കും വേണ്ടി ഈ കമ്മറ്റി പ്രവർത്തിച്ചു. ക്നാനായ കമ്മറ്റി 1910-ൽ വികാരി ജനറൽ ഇടവഴീക്കൽ ഗീവർഗീസ് കശീശായെ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. പാമ്പാക്കുട വലിയപള്ളിയിൽവെച്ച് 1910 ആഗസ്റ്റ് 21 (ചിങ്ങം 8)ന് മാർ ഇഗ്നാത്തിയോസ് അബ്ദേദ് ആലോഹോ (അബ്ദള്ളാ) ദ്വിതീയൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തിനു റമ്പാൻ സ്ഥാനം നൽകി.

വടകര മാർ യൂഹാനോൻ മാംദാനാ പള്ളിയിൽവെച്ച് 1910 ആഗസ്റ്റ് 28 (സുറിയാനി കണക്കിന് ചിങ്ങം 15) ഞായറാഴ്ച വാങ്ങിപ്പുപെരുന്നാൾ ദിവസം പരിശുദ്ധ പാത്രിയർക്കീസ് ബാവാ "തെക്കുംഭാഗ യാക്കോബായ സുറിയാനിക്കാരുടെ പള്ളികൾ'ക്കുവേണ്ടി ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചു. സ്ലീബാ മാർ ഒസ്താത്തിയോസ്, കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് എന്നീ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായിരുന്നു. മലങ്കര സഭയുടെ പൊതുവായ തെരഞ്ഞെടുപ്പോ അംഗീകരാമോ ഇല്ലാത്തതുകൊണ്ടും പാത്രിയർക്കീസുമായി അകന്നു കഴിയുകയായിരുന്നതുകൊണ്ടും അന്നത്തെ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് ആറാമൻ ഈ മേൽപ്പട്ടവാഴ്ചയിൽ സംബന്ധിച്ചിരുന്നില്ല.

കോട്ടയം വലിയപള്ളിയിൽവച്ച് 1910 സെപ്റ്റംബർ 13 ചൊവ്വാഴ്ച മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സുന്ത്രോണീസോ നടന്നു. 1911 സെപ്റ്റംബർ 3 (ചിങ്ങം 21)ന് എഴുതിയ സ്താത്തിക്കോൻ "ദൈവമാതാവായ വി. മർത്തമറിയാമിന്റെ കോട്ടയം വലിയപള്ളിയിലും അതിനോട് ബന്ധപ്പെട്ട പള്ളികളിലും..." എന്നാണ് ആരംഭിക്കുന്നത്. ഈ സ്തോത്തിക്കോൻ അനുസരിച്ച് താഴപ്പറയുന്ന 14 പള്ളികളുടെ ഭരണമാണ് അദ്ദേഹത്തെ ഏല്പിച്ചത്.



ഇടവഴീക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

(1) കോട്ടയം വി. മർത്തമറിയം വലിയപള്ളി, (2) രാമമംഗലം മാർ യാക്കോബ് ശ്ലീഹാപള്ളി, (3) നീലംപേരൂർ മാർ ഗീവർഗീസ് സഹദാപള്ളി, (4) പുതുശ്ശേരി മാർ ശിമവുൻ ക്നോനാ പള്ളി, (5) ചിങ്ങവനം മാർ യൂഹാനോൻ മാംദോനാ പള്ളി, (6) ചിങ്ങവനം മാർ യൂഹാനോൻ മാംദാനാ പുത്തൻപള്ളി, (7) വെളിയനാട് മാർ സ്തേപ്പാനോസ് സഹദാ പള്ളി, (8) മാന്നാർ വി. മർത്ത്മറിയം പള്ളി, (9) കല്ലിശ്ശേരി വി. മർത്ത്മറിയം പള്ളി, (10) ഇരവിപേരൂർ വി. മർത്ത്മറിയം പള്ളി, (11) കറ്റോട് വി മർത്ത്മറിയം പള്ളി, (12) തുരുത്തിക്കാട് മാർ യൂഹാനോൻ ശ്ലീഹാ പള്ളി, (13) റാന്നി മാർത്തോമ്മാ ശ്ലീഹാ വലിയപള്ളി, (14) ഐത്തല മാർ കുറിയാക്കോസ് സഹദാ പള്ളി.

ക്നാനായ ഭദ്രാസന രൂപീകരണത്തിനു (19010) മുമ്പ് ആറ് പള്ളികൾ (1,3,4,5,6,7) കോട്ടയം ഭദ്രാസനത്തിലും നാലു പള്ളികൾ (8,10,11,12) നിരണം ഭദ്രാസനത്തിലും മൂന്നു പള്ളികൾ (9,13,14) തുമ്പമൺ ഭദ്രാസനത്തിലും ഒരു പള്ളി (2) കണ്ടനാട് ഭദ്രാസനത്തലുമായിരുന്നു. കല്ലിശ്ശേരി പള്ളി (9) ആദ്യം കൊല്ലം ഭദ്രാസനത്തിലായിരുന്നു. എട്ടു പള്ളികൾ (1,2,3,4,7,9,12,13) 1876നു മുമ്പും ആറു പള്ളികൾ (5,6,8,10,11,14) 1876-1910 കാലത്തും സ്ഥാപിച്ചവയാണ്. (ഇവ കൂടാതെ വെളിയനാട് സെന്റ് ജോർജ് മിഷ്യൻ പള്ളിയും (1897) സ്ഥാപിക്കപ്പെട്ടിട്ടുണ്ട്).

കോട്ടയം വലിയ (1550), കല്ലിശ്ശേരി (1580), റാന്നി വലിയ (1743) എന്നിവ ക്നാനായ ഭദ്രാസനത്തിലെ പുരാതന ദൈവാലയങ്ങളാണ്. മൂന്നു പതിറ്റാണ്ടുകാലം (1842-1871) കൊണ്ട് അഞ്ചു പള്ളികൾകൂടി സ്ഥാപിതമായി.

ജറുസലേമിലെ മാർ മർക്കോസിന്റെ ദയറായിൽവച്ച് 1926 ഒക്ടോബർ 24നു പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഒറ്റത്തൈയ്ക്കൽ തോമ്മാ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായെ ക്നാനായ ഭദ്രാസനത്തിന്റെ സഹായ മേൽപ്പട്ടക്കാരനായി വാഴിച്ചു. ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ 1927 ജൂൺ 11 നു കാലം ചെയ്തു. കോട്ടയം വലിയ പള്ളിയിൽ കബറടങ്ങി.

തുടർന്നു ഭദ്രാസനാധിപനായ തോമ്മാ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായ്ക്കു നല്കിയ സ്താത്തിക്കോനിൽ (1927 സെപ്റ്റംബർ 1 / ഓബ് 19) 19 പള്ളികളുടെ പട്ടിക കാണുന്നു. ചിങ്ങവനം മർത്ത്മറിയം ശാലേം പള്ളി, കുറിച്ചി മാർ ഇഗ്നാത്തിയോസ് നൂറോനോ പള്ളി, തുരുത്തി മാർ ഗീവർഗീസ് സഹദാ പള്ളി, കുന്നംകരി ദൈവമാതാവിന്റെ പള്ളി, തെങ്ങേലി ദൈവമാതാവിന്റെ പള്ളി എന്നിവയാണ് 1910-1927 കാലത്ത് സ്ഥാപിക്കപ്പെട്ട അഞ്ചു പള്ളികൾ.

ക്നാനായ ഭദ്രാസനത്തിന്റെ രൂപീകരണത്തെ സംബന്ധിച്ച് ഒരു ചെറുവിവരണം നൽകുക മാത്രമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. അതുകൊണ്ട് ക്നാനായ ഭദ്രാസനത്തിന്റെ പില്ക്കാല ചരിത്രം ഒഴിവാക്കുന്നു.

*(മലങ്കസഭ ജൂലൈ 2010 കടപ്പാട്)*

# ഭൂമിയിലെ മാലാഖ - *മദർ തെരേസ*

**ഏബ്രഹാം വലിയപറമ്പിൽ, എരുമേലി**



മദർ തെരേസയുടെ ജന്മശതാബ്ദി ആഗസ്റ്റ് 28 ആഘോഷിക്കുകയുണ്ടായല്ലോ. 29 വർഷം കൽക്കത്തയിൽ ജീവിച്ച എനിക്ക് മദറിനെ നേരിൽ പരചിയം ഉണ്ട്. ആചാര്യ ജഗദീഷ് ചന്ദ്രബോസ് റോഡിലെ എന്റെ വീടും മദറിന്റെ ആസ്ഥാനവും (വീടും) തമ്മിൽ ദൂരം 50 മീറ്റർ മാത്രം. മദറിന്റെ പ്രവർത്തനങ്ങൾക്ക് ദൃക്സാക [illegible] ്യം ലഭിച്ചിട്ടുണ്ട്.

1997 സെപ്റ്റംബർ 5 രാത്രി 7.45 ന് തുടങ്ങി, കൃത്യം 105 മിനിറ്റ് നീണ്ടുനിന്ന മരണവുമായുള്ള പോരാട്ടത്തിനു ശേഷം 9.30 ന് അമ്മയുടെ ദേഹി ദേഹം വെടിഞ്ഞ് അമ്മ സ്വർഗ്ഗത്തിലേക്ക് സുവർണ്ണ രഥത്തിലേറി യാത്രയായി.

കൽക്കത്താ നഗരത്തിലെ തെരുവീഥിയിൽ കട്ടുറുമ്പുകൾ ശരീരമെല്ലാം പൊതിഞ്ഞ ഒരു വൃദ്ധൻ ഒരു പുഴുവിനെപോലെ ശക്തിയായി പിടയ്ക്കുന്നു. എല്ലും തോലുമായ ശരീരത്തിൽ വസ്ത്രം പോലും ഇല്ലാത്ത വികൃത മനുഷ്യക്കോലം. ആരും അടുത്തു ചെല്ലാൻപോലും മടിക്കുന്ന ആ മനുഷ്യന്റെ സമീപം ഒരു കന്യാസ്ത്രീ കടന്നുവന്നു. മരണാസന്നനായ ആ മനുഷ്യനെ റിക്ഷാ വിളിച്ച് കയറ്റി പോയത്, കാളിഘട്ടിലെ ആതുര ശുശ്രൂഷാകേന്ദ്രത്തിലേക്കാണ്. നല്ല ശമറിയാക്കാരനെപോലെ ചെന്നപാടെ ആ വൃദ്ധന്റെ ശരീരം വൃത്തിയാക്കി കഴുകി തുടച്ച് മുറിവുകൾ കെട്ടി നല്ല വസ്ത്രങ്ങളും, ആഹാരവും മരുന്നും നല്കി. ഉറങ്ങാൻ വിട്ടു. വേണ്ട ആതുര ശുശ്രൂഷകൾ ആ അമ്മ അനുയായികൾക്ക് നിർദ്ദേശം നൽകിയിട്ട് അവിടെ വിട്ടു.

ആ മഹതിയാണ് അഗതികളുടെ അമ്മയായി ലോകം മുഴുവൻ ആദരിച്ച വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട മദർ തെരേസ. കൽക്കത്താ നഗരത്തിലെ ഏതു തെരുവിലും രാപകൽ കാണുന്ന ഒരു കൂട്ടരേ ഉള്ളു. അവരാണ് ആർക്കും വേണ്ടാത്തവർ അഥവാ അനാഥർ. രാത്രിയുടെ അന്ത്യയാമങ്ങളിൽ മാത്രമായിരിക്കും പലപ്പോഴും ആ ദരിദ്രമനുഷ്യർ ഒന്ന് കണ്ണടയ്ക്കുന്നത്. ഉപവിയുടെ സന്യാസിനികൾ കൽക്കത്തയിൽ പ്രവർത്തനം ആരംഭിച്ചതുമുതൽ ഈ കൂട്ടരുടെ എണ്ണം ഗണ്യമായ രീതിയിൽ കുറയുവാൻ തുടങ്ങി.

“കാരുണ്യം ലേശമില്ലാതെ നിങ്ങൾ സാധിക്കുന്ന അത്ഭുതങ്ങളിൽ എനിക്ക് താലപര്യമില്ല. കാരുണ്യത്തോടെ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന തെറ്റുകളാണ് എനിക്ക് കൂടുതൽ ഇഷ്ടം” എന്ന് തന്റെ സഹപ്രവർത്തകരോട് അമ്മ പറയുമായിരുന്നു.

മിഷനറീസ് ഓഫ് ചാരിറ്റിയുടെ ഓഫീസിലും മദറിന്റെ കീഴിലുള്ള ആശുപത്രികളിലും ഫാൻ ഇല്ല. “ദൈവത്തിന്റെ ഇളംതെന്നൽ ഞങ്ങൾക്ക് വേണ്ടുവോളം കിട്ടുന്നുണ്ട്.” അതുകൊണ്ട് അതിഥികളെ സ്വീകരിക്കുന്നിടത്ത് ഒഴികെ ഒരിടത്തും വേണ്ട. മദറിന്റെ അന്തേവാസികളായ കുട്ടികളുടെ ഹോമിൽ ഭക്ഷണത്തിന് ബുദ്ധിമുട്ടുണ്ടായ ഒരു ദിവസം. എന്തു ചെയ്യണം എന്നറിയാതെ മദർ വിഷമിച്ചു. ഉടനെ എന്തോ നിശ്ചയിച്ചപോലെ മദർ പുറത്തേക്കിറങ്ങി കൂടെ ആരും വരേണ്ട എന്ന് പറഞ്ഞാണ് പോയത്. നേരെ പോയത് ഒരു കൂറ്റൻ ബംഗ്ലാവിലേക്കാണ്. കോളിംഗ് ബെല്ലിൽ വിരലമർത്തി. കറുത്തു തടിച്ച ഒരു ബംഗാളി വാതിൽ തുറന്നു. മദർ അയാളുടെ നേരെ രണ്ടു കയ്യും നീട്ടി, “എന്റെ കുഞ്ഞുങ്ങൾക്ക് ഇന്ന് കൊടുക്കാൻ ഭക്ഷണമില്ല, എന്നെ ഒന്ന് സഹായിക്കണം” എന്ന് പറഞ്ഞു. ക്രിസ്ത്യാനികളെ കാണുന്നതുപോലും വെറുപ്പായിരുന്ന അയാൾ ഉടനെ കാർപ്പിച്ച് മദറിന്റെ നീട്ടിയ കൈകളിൽ തുപ്പി. വാതിൽ കൊട്ടി അടയ്ക്കാൻ തുടങ്ങിയ ആ മനുഷ്യനോട് മദർ വിനീത സ്വരത്തിൽ “ഒന്നു നിൽക്കണേ, എനിക്കുള്ളത് നിങ്ങൾ തന്നു ഞാൻ സ്വീകരിച്ചു, എന്നാൽ എന്റെ കുഞ്ഞുങ്ങൾക്കുള്ളത് നിങ്ങൾ തന്നില്ല.” ഇതുകേട്ട് ആ മനുഷ്യൻ സ്തബ്ദനായി നിന്നുപോയി. അല്പം കഴിഞ്ഞു അയാൾ മദറിനെ അകത്തേക്ക് ക്ഷണിച്ചു. എന്നിട്ട് അകത്തുപോയി പതിനായിരം രുപാ കൊണ്ടുവന്ന് മദറിന്റെ കയ്യിൽ കൊടുത്തു. ഇനി എന്താവശ്യമുണ്ടെങ്കിലും ഞാൻ തന്നു കൊള്ളാം എന്ന് വാക്ക് കൊടുത്തു മദറിനെ പറഞ്ഞയച്ചു.

എന്നും പുലർച്ചെ അഗതികളെ അന്വേഷിച്ച് ഉപവിയുടെ സന്യാസിനിമാർ റയിൽവേ സ്റ്റേഷനുകളിലും, ബസ്സ്റ്റാൻഡിലും, തെരുവുവീഥികളിലും വാഹനങ്ങളുമായിട്ടാണ് എത്തുക. ചിലപ്പോൾ പോലീസുകാരായിരിക്കും ഇത്തരക്കാരെ പറ്റി അമ്മയ്ക്ക് വിവരം നൽകുക.

ഓരോ വ്യക്തിയും എനിക്ക് ക്രിസ്തുവാണ്. ഒരേയൊരു യേശുക്രിസ്തുമാത്രം ഉള്ളതുകൊണ്ട് ഒരു നിമിഷത്തിൽ ഒരു വ്യക്തിമാത്രമാണ് ഈ ലോകത്തിലുള്ളത് എന്ന അമ്മയുടെ പ്രസ്താവന ഇതിന് ആധാരമാകുന്നു. മതപരിവർത്തനം നടത്താനാണ് മദർ തെരേസ എന്ന് ചിലർ സംശയിക്കുകയും നഗരത്തിലെ പോലീസ് കമ്മീഷണർക്ക് പരാതി നൽകുകയും ചെയ്തു. അധികാരികൾ കാളിഘട്ടിലെ ‘നിർമ്മൽ ഹൃദയ്’ സ്നേഹനിലയത്തിൽ എത്തി. ഗതിയില്ലാതെ അലഞ്ഞുനടക്കുന്ന അനേകം പേർക്ക് ആശ്രയം നല്കി, മരുന്ന് ആഹാരവും വസ്ത്രവും കൊടുത്ത് അവിടത്തെ കന്യാസ്ത്രീകൾ ഗതിയില്ലാത്ത പട്ടിണി പാവങ്ങളെ ശുശ്രൂഷിക്കുന്ന കാഴ്ചയാണ് പോലീസ് അധികാരികൾ കണ്ടത്. പരാതിക്കാരെ വിളിച്ച് ആ കാര്യങ്ങൾ അവർ കാണിച്ചുകൊടുത്തു. എന്നിട്ട് അവരുടെ നേരെതിരിഞ്ഞ് പറഞ്ഞു “വേണമെങ്കിൽ ഇവരുടെ പ്രവർത്തനം ഇന്നുതന്നെ അവസാനിപ്പിക്കാൻ ഞങ്ങൾക്ക് കഴിയും. എന്നാൽ പകരം ആ സ്ഥാനത്ത് നിങ്ങളുടെ അമ്മമാരെയും സഹോദരിമാരേയുംകൊണ്ട് നാളെ മുതൽ ഈ കാര്യം നടത്തിക്കണം.” കാര്യങ്ങൾ ബോധ്യമായപ്പോൾ പരാതികൾ അസ്തമിച്ചു.

മദർ ഒരു സംഭവകഥ പറഞ്ഞു. അതിപ്രകാരമാണ്; ഞാൻ കൽക്കത്തായിലെ ഒരു തെരുവീഥിയിൽകൂടി നടന്നുപോകുകയായിരുന്നു. പെട്ടെന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽകേട്ടു. ശബ്ദം കേട്ട ഭാഗത്തേക്ക് ഞാൻ നോക്കിയപ്പോൾ അമ്പരന്നുപോയി. ഓടയിൽ ഒരു ചോരകുഞ്ഞ് കൈകാലുകൾ പൊക്കിപിടിച്ച് ആർത്തു കരയുന്നു. ഞാൻ പിന്നൊന്നും ആലോചിച്ചില്ല. കുഞ്ഞിനെ വാരിയെടുത്തു. പാവം വെയിൽകൊണ്ട് വാടിതളർന്നിരുന്നു. പുഴുപോലെ പിടഞ്ഞ് കരയുകയാണ്. ഉടനെ ആശുപത്രിയിൽ എത്തിക്കണം. കയ്യിൽ അഞ്ചു രൂപപോലും ഇല്ല. പിന്നെ മടിച്ചില്ല. കയ്യിലെ തുവാല നിവർത്തിക്കാട്ടി അവിടെ നിന്ന വഴിപോക്കരോട് സഹായം അഭ്യർത്ഥിച്ചു. നിമിഷങ്ങൾക്കുള്ളിൽ തൂവാലയിൽ കുറേ നാണയങ്ങൾ വന്നുവീണു. ഉടനെ കാർവിളിച്ച് നേരെ ആശുപത്രിയിലേക്ക് പോയി. അനാഥരായ അനേകായിരങ്ങളെ രക്ഷിക്കാൻ സ്വയം സമർപ്പിക്കുക എന്ന തീരുമാനം മദർ അനെടുത്തതാണ്.

*തുടരും...*

# സ്ളീബായുടെ ശേഷം മൂന്നാം ഞായറാഴ്ച

**(മത്തായി 18:23–35; ലൂ. 1–13; മർക്കോ. 2:2328)**

ഈ ഞായറാഴ്ച സന്ധ്യയുടെ ഏവൻഗേലിയോനിൽ തന്റെ ജയമാനൻ തനിക്ക് കടം ഇളവുചെയ്തു തന്നിട്ടും തന്റെ കടക്കാർക്ക് ഇളവുചെയ്തു കൊടുക്കാത്ത ദുഷ്ടദാസനേക്കുറിച്ചും പ്രഭാതത്തിന്റെ വായനയിൽ തന്റെ കടക്കാർക്ക് ഇളവു ചെയ്തുകൊടുത്ത് യജമാനന്റെ പ്രശംസ നേടിയ വിശ്വസ്തനായ കാര്യവിചാരകനേക്കുറിച്ചും നമ്മൾ വായിക്കുന്നു. വി. കുർബ്ബാനയുടെ ഏവൻഗേലിയോനിൽ വിളഭൂമിയിൽ കുടി കടന്നു പോയപ്പോൾ കർത്താവിന്റെ ശിഷ്യന്മാർ വിശപ്പടക്കാൻ കതിർ ഊരി കയ്യിലിട്ട് തിരുമ്മി തിന്നപ്പോൾ ശാബദു ലംഘിച്ചു എന്നു പറഞ്ഞ് പരീശന്മാർ പരിഭവിച്ചതിനേക്കുറിച്ചും നാം വായിക്കുന്നു.

നമ്മുടെ കടക്കാരോടു നാം ഹൃദയംഗമായി ക്ഷമിക്കണം, ക്ഷമിക്കാതിരുന്നാൽ ദൈവവും നമ്മോടുക്ഷമിക്കയില്ല. നാം ചെയ്യുന്ന തെറ്റുകളെ മറ്റുള്ളവർ എങ്ങനേയും ക്ഷമിച്ചുതരണം, ദൈവവും നമ്മുടെ പാപങ്ങലെ ഓർക്കാതെ മായിച്ചുകളയണം എന്നാണ് നമ്മുടെ ഓരോരുത്തരുടേയും ആഗ്രഹം.

തന്റെ മുമ്പിലും പിമ്പിലും ഓരോ സഞ്ചി തൂക്കിയിട്ടിരിക്കുന്ന ഒരു മനുഷ്യൻ മറ്റുള്ളവരുടെ കുറ്റങ്ങൾ കാണുമ്പോൾ മുമ്പിലത്തെ സഞ്ചിയിൽ ഓരോ കല്ലു പെറുക്കിയിടും. സ്വന്തകുറ്റം ഉണ്ടാകുമ്പോൾ ഓരോ കല്ല് പിമ്പിലെ സഞ്ചിയിലും പെറുക്കിയിടും. പിമ്പിലുള്ളത് കാണുന്നില്ല, മുമ്പിലുള്ളത് എപ്പോഴും കാണുന്നു. ഇതാണ് ഇന്ന് നമ്മിൽ മിക്കവരുടേയും മനോഭാവം. കർത്താവിനെ ക്രൂശിൽ തൂക്കിയവരേക്കുറിച്ച് കർത്താവ് പറഞ്ഞത്: "പിതാവെ, ഇവർ അറിയാതെ ചെയ്യുന്നത് ഇവരോട് ക്ഷമിക്കണമെ" എന്നായിരുന്നു. സ്തോഫാനോസ് സഹദായെ ഇവരുടെ പാപം ഇവരുടെ നേരെ നിർത്തരുതെ" എന്നായിരുന്നു. നമ്മോടു തെറ്റുകൾ ചെയ്തവരോട് അനുതപിച്ച് വന്ന് മാപ്പു പറയാൻ നമ്മൾ കാത്തിരിക്കരുത്. അതിനു മുമ്പു തന്നെ നമ്മൾ ക്ഷമീക്കണം, പൊറുക്കണം, സ്നേഹിക്കണം, ക്ഷമിക്കണമെന്ന് വന്നു പറഞ്ഞാൽ എത്രയോ അധികമായി നാം ക്ഷമിക്കണം.

"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളോടും ക്ഷമിക്കണമെ" എന്നല്ലയോ നമ്മൾ നിത്യവും പ്രാർത്ഥിക്കുന്നത്. "ഞങ്ങൾ ക്ഷമിക്കുന്നതുപോലെ" എന്നു ചിലർ ചൊല്ലാരുണ്ട്, അതു തെറ്റാണ്, ക്ഷമിച്ചശേഷമേ ആ പ്രാർത്ഥന നമുക്ക ചൊല്ലാൻ അർഹതയുള്ളു. യജമാനൻ പതിനായിരം ക ക്രീൻ കടമുണ്ടായിരുന്നത് ഇളവു ചെയ്തു കൊടുത്തു. എന്നാൽ അവൻ തനിക്ക് തരാനുള്ളവരെ തൊണ്ടയ്ക്ക് പിടിച്ചു ഞെക്കി കടം വീട്ടാൻ നിർബ്ബന്ധിച്ചു. അതു കേട്ടറിഞ്ഞ യജമാനൻ കോപിച്ചു അവനെ അധികാരികളുടെ കയ്യിൽ ഏൽപ്പിച്ച് കടം മുഴുവൻ തീർക്കാൻ കല്പ്പനയായി.

മറ്റേ കാര്യവിചാരകനാകട്ടെ, തന്റെ യജമാന്റെ കടക്കാരോടു കരുണയും വിട്ടുവീഴ്ചയും കാണിച്ച് ഇളവു ചെയ്തുകൊടുത്തു. അപ്പോൾ അവന്റെ യജമാനൻ അവനെ പ്രശംസിച്ചു. നാമും മറ്റുള്ളവരുടെം ദാക്ഷിണ്യമുള്ളവരായിരിക്കണം. "കരുണയുള്ളവർ ഭാഗ്യവാന്മാർ അവരുടെ മേൽ കരുണയുണ്ടാകും" എന്നാണല്ലോ കർത്താവ് പർവ്വത പ്രസംഗത്തിൽ കൽപ്പിച്ചത്.

അന്യരുടെ കുറ്റങ്ങളെ ചെറുതായി കാണുകയും സ്വന്തം കുറ്റങ്ങളെ വലുതായി കാണുകയും ചെയ്വാനുള്ള മഹാമനസ്ത നമുക്കുണ്ടാകണം. ഒരിക്കലും ക്ഷമിക്കാതെ പകയും വിരോധവും മനസ്സിൽ വച്ചുകൊണ്ടിരിക്കുന്ന ചിലരുണ്ട്. തെറ്റു ചെയ്തവർ മാപ്പു പറഞ്ഞാലും ക്ഷമിക്കാതിരിക്കുന്ന കഠിന ഹൃദയന്മാരുമുണ്ട്. അവർക്ക് ഹാ! കഷ്ടം! അവരുടെ പകയും വിരോധവും കാൻസർ രോഗംപോലെ അവരുടെ ഹൃദയങ്ങലെ തന്നെ കാർന്നു തിന്നുന്നു... അത് അവരെ തന്നെ നശിപ്പിക്കുന്നു. ക്ഷമിക്കയും ഉപദ്രവിച്ചവനെ സ്നേഹിക്കയും ചെയ്താൽ മനസ്സിന് ആശ്വാസവും സമാധാനവും സന്തോഷവും ഉണ്ടായിരിക്കും.

കർത്താവിന്റെ ശിഷ്യന്മാർ വിളഭൂമിയിൽകൂടി കടന്നുപോയപ്പോൾ കതിർ ഊരി തിരുമ്മി തിന്നു. അത് പരിശന്മാർ ശാബദ് ലംഘനമായി കണക്കാക്കി. അവർ അത് കൊയ്തും മെതിയുമായി കണക്കാക്കി. ശാബദു ദിവസത്തിൽ സ്വസ്തമായിരിക്കണമെന്നും അന്ന് വേലയൊന്നും ചെയ്യരുതെന്നുമാണല്ലോ ന്യായപ്രാണ കല്പന. യഹൂദന്മാർ ശാബദ് വളരെ നിർബ്ബന്ധമായി പാലിക്കുന്നവരാണ്. അവർ വെള്ളിയാഴ്ച അസ്തമനത്തിനു മുമ്പ് ശനിയാഴ്ച കഴിക്കാനുള്ള ഭക്ഷണമെല്ലാം തയ്യാറാക്കി വച്ചേക്കും. ശനിയാഴ്ച അസ്തമിച്ച് ദേവാലയത്തിൽ (സംഘാലയം) പോയി പ്രാർത്ഥിക്കും. അതു കഴിഞ്ഞ് അവർ അവിടെ നിന്ന് തീ കത്തിച്ചുകൊണ്ടു പോരും. ആ തീ കൊണ്ട് അടുപ്പിൽ തീ പിടിപ്പിച്ചശേഷമാണ് വീണ്ടും വീടുകളിൽ ഭക്ഷണം പാകം ചെയ്യുന്നത്. ഈ നാട്ടിലുള്ള യഹൂദന്മാർ അങ്ങനെ ചെയ്യുന്നത് ഞാൻ നേരിട്ടു കണ്ടറിഞ്ഞിട്ടുണ്ട്.

അവർ നിയമത്തിന്റെ അക്ഷരത്തിന്മേൽ പിടിച്ച് കർത്താവിന്റെ ശിഷ്യന്മാരെ കുറ്റപ്പെടുത്തുകയായിരുന്നു. അബ്യാധാർ മഹാപുരോഹിതന്റെ കാലത്ത് ദാവീദും കൂടെയുള്ളവരും വിശന്നപ്പോൾ ദൈവഭവനത്തിൽ പ്രവേശിച്ച് ആചാര്യന്മാർക്ക് മാത്രമല്ലാതെ ഭക്ഷിപ്പാൻ അനുവാദമില്ലാത്ത കാഴ്ചയപ്പമെടുത്ത് തിന്ന് വിശപ്പടക്കിയ വിവരം കർത്താവു പറയുന്നു. മാത്രമല്ല, വേറെ ചില അവസരങ്ങലിൽ ഈ പ്രശ്നം തന്നെ കർത്താവിന് കൈകാര്യം ചെയ്യേണ്ടിവന്നിട്ടുണ്ട്. കർത്താവ് കൂനിയെ സംഘാലയത്തിൽവച്ച് സുഖമാക്കിയപ്പോൾ സംഘാലയ പ്രമാണി കോപിച്ചും എന്തുകൊണ്ടെന്നാൽ അത് ശാബദായിരുന്നു.

മനുഷ്യരാൽ കഴിയാതവണ്ണം അമാനുഷികമായ ദിവ്യശക്തിയാൽ ഒരു രോഗിയെ സൗഖ്യപ്പെടുത്തിയതിൽ സന്തോഷിച്ച് ദൈവത്തെ മഹത്വപ്പെടുത്തണമെന്നല്ല, കുറ്റം കണ്ടുപിടിക്കാനായിരുന്നു അയാൾക്ക് തോന്നിയത്.

ശാബദ് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ ശാബദിനു വേണ്ടിയല്ല എന്ന് കർത്താവ് ഓർപ്പിക്കുന്നു. ദാവീദും കൂടെയുള്ളവരും അത്യാവശ്യം നിമിത്തം ചെയ്ത നിയമലംഘനം ക്ഷന്തവ്യമാണെന്നത്രെ കർത്താവ് പറയുന്നത്.

ആശുപത്രികളിൽ കിടക്കുന്ന രോഗികൾക്ക് ഞായറാഴ്ചയോ ശാബദു ദിവസത്തിലോ മരുന്നു കൊടുക്കുകയോ, ശുശ്രൂഷ ചെയ്യുകയോ ഒന്നും ചെയ്യരുതെന്നു പറഞ്ഞാൽ എത്രയോ നിർദ്ദയമായിരിക്കും! ഒരു കാളയോ കഴുതയോ കിണറ്റിൽ വീണാൽ കയറ്റാതിരിക്കുമോ? ഒരു കുട്ടി കിണറ്റിൽ വീണാൽ കയറ്റാതിരിക്കുമോ? ഒരു കുട്ടി കിണറ്റിൽ വീണു കയ്യൊടിഞ്ഞാൽ ആശുപത്രിയിൽ കൊണ്ടുപോകാതിരിക്കുമോ? ഒരു ഡോക്ടർ ശാബദാണെന്നോ ഞായറാഴ്ചയാണെന്നോ പറഞ്ഞ് വച്ച് കെട്ടാതെയും ഇംജക്ഷൻ നൽകാതെയും മരുന്നുകൊടുക്കാതെയും ഇരിക്കുമോ? ഇല്ല. എന്നാൽ ഈ വക സൽപ്രവൃത്തികളുടെ പേര് പറഞ്ഞ് ഒരു ഞായറാഴ്ചയും പള്ളിയിൽ വരാത്ത ഡോക്ടർമാരും മറ്റുമുണ്ട്. അത് ക്ഷന്തവ്യമല്ല. അവർ കഴിവു കണ്ടുപിടിക്കയാണ്, അതു ശരിയല്ല.

**സ്ളീബായുടെശേഷം നാലാം ഞായറാഴ്ച**
**(മർക്കോ. 10:1-16; ലൂ. 9:37-45; ലൂ. 16:13-18)**

ഈ ദിവസത്തെ സന്ധ്യയുടെ ഏവൻഗേലയോൻ വിവാഹത്തേക്കുറിച്ചും വിവാഹമോചനത്തേക്കുറിച്ചുമാണ്. പ്രഭാതത്തിന്റെ ഏവൻഗേലിയോൻ ഒരുത്തന്റെ മകനെ അശുദ്ധാത്മാവ് ബാധിച്ചിട്ട് കർത്താവിന്റെ ശിഷ്യന്മാർക്ക് സൗഖ്യപ്പെടുത്തുവാൻ കഴിയാതിരിക്കെ കർത്താവ് സുഖപ്പെടുത്തുന്നതാണ്. വി. കുർബാനയുടെ ഏവൻഗേലിയോൻ പണത്തേയും ദൈവത്തേയും സേവിപ്പാൻ നിങ്ങൾക്ക് കഴിയുകയില്ല, രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരുത്തനും കഴിയുകയില്ല, വ്യഭിചാരം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നതും ഉപേക്ഷിച്ചവളെ വിവാഹം ചെയ്യുന്നതും തെറ്റാണെന്നുള്ളതുമാണ്.

ആദിയിൽ ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചു. ആകയാൽ സ്ത്രീ അവളുടെ സ്വന്തക്കാരെ ഉപേക്ഷിച്ച് ഭർത്താവിനോട് ചേരുന്നു, അവർ ഒരു ജഡമായിത്തീരുന്നു. പിന്നെ രണ്ടല്ല, ദൈവം ഇണചേർത്തതിനെ മനുഷ്യൻ വേർപെടുത്തരുത്. വ്യഭിചാരകുറ്റത്താലല്ലാതെ ഭാര്യയെ പിരിച്ചുവിട്ട് വേറൊരുത്തിയെ എടുക്കുന്നവൻ വ്യഭിചാരമാണ് ചെയ്യുന്നത് എന്ന് കർത്താവ് കല്പിച്ചു. അങ്ങനെയെങ്കിൽ ഉപേക്ഷണപത്രം കൊടുത്ത് അവളെ പിരിച്ചുവിടാമെന്ന് മോശ ഞങ്ങൾക്ക് കല്പന തന്നിട്ടുണ്ടല്ലോ എന്ന് യഹൂദന്മാർ കർത്താവിനോട് ചോദിച്ചു. അത് നിങ്ങളുടെ ഹൃദയ കാഠിന്യം മൂലം മോശ കല്പിച്ചതാണ്. എന്നാൽ ആദിയിൽ അങ്ങനെയല്ലായിരുന്നു എന്നു കർത്താവ് പറഞ്ഞു. അങ്ങനെ ഏതു കാരണത്താലും ഉപേക്ഷണ ചീട്ടുകൊടുത്ത് പിരിച്ചുവിടാൻ പാടില്ല എന്നാണ് കർത്താവ് ഉപദേശിക്കുന്നത്. വിവാഹബന്ധം ദൈവീകമാണ്, പവിത്രമാണ്, ദൃഢമാണ്, താൽക്കാലികമല്ല.

ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം ഇങ്ങനെയാണെങ്കിൽ വിവാഹം ചെയ്യുന്നതുപോലും നല്ലതല്ലല്ലോ എന്നു ചിലർ കർത്താവനോടു ചോദിച്ചു. എല്ലാവരും അതിന് മതിയായവരല്ല എന്ന് മറ്റൊരു സുവിശേഷത്തിൽ കർത്താവ് പറഞ്ഞതായി നാം കാണുന്നു (മത്തായി 19:11).

വിവാഹം ഒരു കൂദാശയായി കണക്കാക്കി പള്ളിയിൽവച്ച് നടത്തുവാൻ ക്രിസ്തീയ സഭ നിശ്ചയിച്ചത് അതിന്റെ ഭദ്രത വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പട്ടക്കാർ മുടിയും മോതിരവും വാഴ്ത്തി പള്ളിയിൽവച്ച് കൈപിടിപ്പിച്ചു വിടുന്നതിനാൽ ഇത് ദൈവീകമായ ഒരു യോജിപ്പാണെന്ന വിശ്വാസം കൂടുതലായി ദമ്പതിമാർക്കുണ്ടാകുന്നു. അതിൽനിന്ന് പിരിയാനും അവർക്ക് ഭയമുണ്ടാകുന്നു. വ്യഭിചാരകുറ്റംകൊണ്ട് വിവാഹമോചനമാകാമെന്ന് കർത്താവ് കല്പിച്ചിട്ടുണ്ടെങ്കിലും വ്യഭിചാര കുറ്റമുണ്ടാകുമ്പോഴെല്ലാം പിരിച്ചുവിടാൻ തുടങ്ങിയാൽ ഇന്ന് നമ്മുടെ സഭയിൽ വളരെയേറെ വിവാഹമോചനം വേണ്ടിവരും. അതിനാൽ സാധാരണ രീതിയിൽ ഉള്ള കേസുകൾക്കൊന്നും സഭാപിതാക്കന്മാർ വിവാഹമോചനം അനുവദിക്കാറില്ല, അമേരിക്കയിൽ പ്രൊട്ടസ്റ്റന്റ് കാരുടെയിടയിൽ വിവാഹമോചനം സർവ്വസാധാരണയാണ്. അവിടെ നാലിൽ ഒന്നുവിവാഹം മോചിക്കപ്പെടുന്നതായിട്ടാണറിയുന്നത്.

വിവാഹം വെറും ഒരു ലൈംഗീകബന്ധമല്ല, രണ്ടു വ്യക്തികൾ തമ്മിലുള്ള ആത്മീകവും മാനസികവുമായ ഒരു യോജിപ്പു കൂടിയാണ്. അവർ പ്രാർത്ഥനയാലും, ആത്മീക കൂട്ടായ്മയാലും ആന്തരികമായി യോജിക്കണം. വഴക്കും അഭിപ്രായവ്യത്യാസങ്ങലും മൂലം പാശ്ചാത്യ രാജ്യങ്ങളിൽ വിവാഹമോചനം നടത്താറുണ്ടെങ്കിലും നമ്മുടെ നാട്ടിലും നമ്മുടെ സഭയിലും അങ്ങനെയില്ല. നമ്മുടെ നാട്ടിൽ ഒരു വിവാഹം മൂലം രണ്ടു വ്യക്തികളല്ല, രണ്ടു കുടുംബങ്ങളാണ് തമ്മിൽ സംയോജിക്കുന്നത്.

വ്യഭിചാര കുറ്റത്തിൽ ഉപേക്ഷിക്കപ്പെട്ടവളെ പിന്നെ ആരും വിവാഹം ചെയ്യരുത്. അവളെ ഒറ്റപ്പെടുത്തണം. അവൾ അശുദ്ധയാണ്, നിഷിദ്ധ്യയാണ്. അവൾ യുവതിയായിരുന്നാലും, സുന്ദരിയായിരുന്നാലും, ധനികയായിരുന്നാലും അവളെ വിവാഹം ചെയ്യരുത്. ചെയ്യുന്നവൻ വ്യഭിചാരമാണ് ചെയ്യുന്നത്.

നിങ്ങൾക്ക് ദൈവത്തേയും മാമോനേയും സേവിപ്പാൻ കഴികയില്ല. ഒരുത്തനും രണ്ടു യജമാനന്മാരെ സേവിപ്പാൻ കഴിയുകയില്ല. ഒരുത്തനെ സ്നേഹിക്കയും മറ്റവനെ പകയ്ക്കുകയും ചെയ്യും അല്ലെങ്കിൽ ഒരുവനുവേണ്ടി താല്പര്യമായി പ്രവർത്തിക്കയും മറ്റവനെ ദ്വേഷിക്കയും ചെയ്യും. അതിന് രണ്ടു വഞ്ചിയിൽ കാലുവച്ചു നിൽക്ാൻ കഴിയുകയില്ല എന്നു നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്.

തുടരും...

## എട്ടുനോമ്പാചരണം

**കാരയ്ക്കാട്** സീനായ്ക്കുന്ന് സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളിയിൽ എട്ടുനോമ്പാചരണം നടത്തി. അഭി. ഗീവർഗീസ് മാർ ബർന്നബാസ് മെത്രപ്പോലീത്തായുടെ കാർമ്മികത്വത്തിൽ വി. കുർബ്ബാന എല്ലാദിവസവും വി. കുർബ്ബാനയും സുവിശേഷഘോഷണവും 7 ന് വൈകിട്ട് റാസ, 8 ന് വി. കുർബ്ബാനക്കുശേഷം നേർച്ചവിളമ്പോടെ സമാപിച്ചു.



തുടരും...

# കളിക്കളം നല്കുന്ന മഹത്തായ സന്ദേശം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

കാലുകളിലൂടെ ഒഴുകിമാറി ഒടുക്കം ഗോൾവലയിൽബോൾ കുരുങ്ങുമ്പോൾ ആഹ്ലാദത്തിന്റെ തിര ഉയരുന്നു. ഒരു കൂട്ടർ സന്തോഷിക്കുമ്പോൾ മറ്റൊരു കൂട്ടർ നിരാശരാകുന്നു. ജീവിതത്തിലായാലും കളിയിലായാലും വിജയിക്കുന്നവർ ചിരിക്കും പരാജിതർ കരയും. മനുഷ്യജീവിതത്തിന്റെ പല അദൃശ്യ രേഖകളും നമുക്ക് മുമ്പിൽ ഈ ഫിഫയിലൂടെ പ്രത്യക്ഷമാകുന്നു.

കളിക്കളത്തിൽ ഉരുളുന്ന 'ബോൾ' ആരുടേയും പക്ഷത്തല്ല, ഓരോരുത്തരും മികവിനനുസരിച്ച് ലക്ഷ്യസ്ഥാനത്തേയ്ക്കതിനെ ചലിപ്പിക്കുന്നു. സമയവും ജീവിതവിജയവും അവസരങ്ങളും എല്ലാം ഇതുപോലെ തന്നെയാണ്. ബുദ്ധിപൂർവ്വം ഒരു ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഇവയൊക്കെയും ഉപയോഗിക്കുമ്പോഴാണ് നാം വിജയത്തിലെത്തുന്നത്. അതിൽ ക്രിസ്തീയതയെന്നോ ഭൗമീകതയെന്നോ ഉള്ള വേർതിരിവില്ല.

കളിക്കളം നല്കുന്ന മഹത്തായ ഒരു സന്ദേശമുണ്ട്. സഹകരണത്തിലൂടെ പരസ്പര സഹായോത്തോടെ ലക്ഷ്യത്തിലെത്തുക. ശോഭനാമായൊരു ഭാവിയിൽ നാമെത്തുമ്പോൾ പിന്നിട്ട വഴികളിലേക്ക് നാം തിരിഞ്ഞു നോക്കണം. വാക്കാലും, സ്നേഹത്താലും, സംരക്ഷണയാലും, പ്രാർത്ഥനയാലും നമ്മെ മുമ്പോട്ടു നയിക്കാൻ ദൈവം ഒരുക്കിയ ചിലരെ അപ്പോൾ കാണാനാകും. മാതാപിതാക്കളും, സ്നേഹിതരും, ഗുരുക്കന്മാരും, സഹവിശ്വാസികളുമായി നീളുന്നു ആ നിര. ജീവിതയാത്രയിലെ ഓരോ ചെറിയ തണലിനും സർവ്വേശ്വരനോട് നന്ദി പറയാം. ഏതോ കിണറിന്റെ അഗാധതയിൽ കിടന്ന പച്ചവെള്ളമായ നമ്മെ മധുരവീഞ്ഞാക്കി മാറ്റുന്ന ദൈവീക പദ്ധതിയിൽ, നമ്മെ ഏറ്റെടുക്കാൻ ചില കഥാപാത്രങ്ങളെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നു. അമ്മയുടെ ഉദരം മുതൽ അന്ത്യയാത്രാമൊഴി പാടുന്നവർവരെ നീളുന്നു ആ കഥാപാത്രങ്ങൾ.

സ്വയമേ മുന്നേറുന്നതിനൊപ്പം പ്രാർത്ഥനയാലും സ്നേഹത്താലും മറ്റുള്ളവരേക്കൂടി മുന്നിലെത്തിക്കാൻ നമുക്കാകണം. ഇടയ്ക്കൊക്കെ ചില കല്പാത്രങ്ങളും നല്ല ശമര്യാക്കാരനും ആകണം എന്നർത്ഥം. അവരെകൂടി ഉപയോഗപ്പെടുത്തുമ്പോഴാണ് ടീമിന്റെ വിജയം സ്വയം മുന്നേറാൻ ശ്രമിക്കുമ്പോൾ പരാജയം നേരിട്ടേക്കാം പല ടീമിനും പറ്റിയത് അതാണ്. പല പ്രതികരണങ്ങളും കോപവും അസൂയയുമെല്ലാം എന്റെ നേർക്കടിക്കുന്ന ഗോളുകൾ ആണെന്ന് തിരിച്ചറിയുമ്പോൾ ലജ്ജയേറുന്നു. ഓരോ ചെറിയ ദൗർബല്യങ്ങളും നമ്മോട് പറയുന്നു. ഈ മനസ്സ് ഒരു ഗോൾപോസ്റ്റാണ്. സദാ തുറന്നുകിടക്കുന്ന ഗോൾപോസ്റ്റിനും നമ്മുടെ മനസ്സുകൾക്കും എന്തു സാമ്യം.

പ്രലോഭനങ്ങൾ പലപ്പോഴും പെനാൽറ്റി കിക്കുകൾ ആണെന്നുള്ള കാര്യം നാം മറക്കുന്നു അപ്പോഴും ഭയപ്പെടേണ്ട എന്ന് വചനം നമ്മോട് പറയുന്നു. കാരണം 'പാപത്തെ ജയിക്കാൻ പരിശുദ്ധാത്മ ശക്തി നമ്മൾക്കൊപ്പം ഉണ്ടെന്നുള്ളത് എത്ര ആശ്വാസം..." സ്പർജന്റെ വാക്കുകൾ ഇവിടെ എത്ര അനുയോജ്യമാണ്.

"ആഹാ പരിശുദ്ധാത്മാവ് ഹൃദയത്തോട് മന്ത്രിക്കുന്നില്ലേ? സഹോദരാ ധൈര്യപ്പെടുക! നിനക്കുവേണ്ടി മരിച്ച ഒരുവനുണ്ട്. കാൽവറിയിലേക്ക് നോക്കുക. അവന്റെ മുറിവുകൾ കാണുക. തന്റെ വിലാപ്പുറത്തു നിന്നും പൊട്ടിയൊഴുകുന്ന പ്രവാഹം നോക്കുക. അവിടെ നീ സുരക്ഷിതനാണ്."

നാം സ്വർഗ്ഗീയ പൗരന്മാരായ് ഇവിടെ നിൽക്കുന്നു (ഫിലി. 3:20). നമ്മുടെ ഓരോ ചലനവും ഉയരത്തിലെ നമ്മുടെ രാജ്യത്തിന്റെ അഭിമാനത്തെ ഉയർത്തുമാറാകട്ടെ! ഗോളി; സ്ഥിരതയുള്ള മനസ്സിന്റെ പ്രതീകമാണയാൾ. സാഹചര്യത്തിന് അനുസൃതമായി വാക്കും ഉപദേശവും മാറ്റുന്നവർക്ക് ഒരിക്കലും സ്വന്തം ജീവിതത്തേയും സഭയേയും സൂക്ഷിക്കാനാവില്ല. സാഹചര്യങ്ങൾക്ക് തണുപ്പിക്കാൻ ആവാത്ത, കഷ്ടതയുടെ എരിതീയിലും വെണ്ണീറാകാത്ത വ്യക്തിത്വങ്ങൾക്ക് മാത്രമേ ക്രിസ്ത്യാനിയായി വിജയിക്കാനാകൂ.

സ്വാമി വിവേകാനന്ദന്റെ വാക്കുകൾ ഏറെ ചിന്തനീയമാണ്.

"സർവ്വോപരി വിട്ടുവീഴ്ചകൾ ചെയ്യാതെ സൂക്ഷിക്കണം. ആരോടും എതിരിടണമെന്നല്ല ഞാൻ ഉദ്ദേശിക്കുന്നത്. എന്നാൽ സമ്പത്തിലും വിപത്തിലും സ്വന്തം ആദർശങ്ങളെ മുറുകെപിടിക്കണം. പിൻതാങ്ങാൻ ആളുകളെ കിട്ടാനുള്ള ത്വരകൊണ്ട് മറ്റുള്ളവരുടെ കിറുക്കിനനുസരിച്ച് തുള്ളരുത്."

കള്ള പ്രവചനവും ദ്രവ്യാഗ്രഹവും സഭയാകുന്ന ഗോൾപോസ്റ്റിനു നേരെ സാത്താൻ ഉരുട്ടി വിടുമ്പോൾ ഇടയന്മാർ കണ്ണീരോടും ആത്മനിറവോടും നിൽക്കേണ്ടത്യാവശ്യം. "നാമും നമ്മുടെ ഗോളിയും ദൗത്യമേറ്റവർ എന്ന് മറക്കരുത്." സുവിശേഷം മനുഷ്യഹൃദങ്ങളിൽ എത്തിക്കുകയാണ് നമ്മുടെ ലക്ഷ്യം. എന്നാൽ ഹൃദയങ്ങളുടെ ഗോൾപോസ്റ്റിൽ സാത്താൻ തന്നെ ഗോളിയായി നിൽക്കുന്നു. സുവിശേഷത്താൽ ഒരാത്മാവിനെ നേടിയാൽ നമ്മുക്ക് വിളിക്കാം... ഗോൾ... ഗോൾ... സഭ മറന്നുപോയ സുവിശേഷീകരണമെന്ന ദൗത്യം പുനഃസ്ഥാപിക്കപ്പെട്ടേ മതിയാകൂ. സമാധാന സുവിശേഷീകരണത്തിനായുള്ള ഒരുക്കം (എഫെ. 6:15) കാലിന് ചെരുപ്പാക്കാം.

വന്ധ്യത വന്ന ഗർഭപാത്രങ്ങൾപോലെ നമ്മുടെ സഭകൾ നാളുകൾ കഴിക്കാൻ തുടങ്ങിയിട്ട് കാലമെത്രയായി ഇനിയും നാം ഉണരാറായില്ലെ?

ഏവരും ഉറങ്ങുന്ന തണുപ്പുള്ള പ്രഭാതത്തിൽ പരിശീലനം നടത്തുന്നവരെ നോക്കുക. ഉറക്കവും അലസതയും വിഴുങ്ങിക്കൊണ്ടിരിക്കുന്ന പ്രാർത്ഥനാ മുറികളുടെ ദീനരോദനം അപ്പോൾ കേൾക്കാം. കരുത്തരെന്ന് വിശേഷിപ്പിക്കപ്പെട്ടവർ കാലിടറിവീഴുമ്പോൾ പിമ്പന്മാർ പലരും മുമ്പന്മാരായിക്കൊണ്ടിരിക്കുന്നു. നാമും നിൽക്കുന്നത് ഇതേ മേഖലയിൽ തന്നെയല്ലേ? കർത്താവ് താൻ ഗംഭീരമാം വിസിൽ മുഴക്കുന്നത് വരെ ക്രിസ്തുവിന്റെ ടീമായ സഭ സ്വർഗ്ഗരാജ്യത്തിനുവേണ്ടി ഈ ദൗത്യം തുടരും. വ്യക്തിപരമായ ജീവിതത്തിൽ വിശ്വസ്തത കാത്തവർ ജീവകിരീടമെന്ന കപ്പിൽ മുത്തമിടും.

ആഫ്രിക്കയുടെ മണ്ണിൽ ആവേശം ഇനിയും കെട്ടടങ്ങിയിട്ടില്ല.

സാമിനാമിനാ യേ... ഹേ...

വക്ക... വക്ക... യേ... ഹേ...

ആർപ്പിന്റെ പുതിയ നാദം ഇങ്ങനെ അലയടിക്കവേ... ഇത് നിൽക്കുമ്പോൾ ചിലർ ചിരിക്കും ചിലർ കരയും. ക്രിസ്തീയ ജീവിതത്തിന്റെ അന്ത്യത്തിലെത്തുമ്പോൾ നാം എന്തായിരിക്കും ചെയ്യുക.

ചിരിക്കുമോ കരയുമോ?

●

ലഘുപഠനം

# വിശുദ്ധജനം

“നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ.”

യഹോവയും വിശുദ്ധജനമെന്ന് വിശേഷിക്കപ്പെടുന്ന യിസ്രായേലും തമ്മിലുള്ള വിശുദ്ധബന്ധത്തെ ഈ പ്രഖ്യാപനം അടിവരയിട്ടു സൂചിപ്പിക്കുന്നു. കർത്താവ് വിശുദ്ധനായിരിക്കുന്നതുപോലെ കർത്താവിന്റെ ശരീരമാകുന്ന സഭയും വിശുദ്ധമായിരിക്കണം എങ്കിലേ തലയാകുന്ന വിശുദ്ധന് ശരീരത്തിൽ പാർക്കാൻ കഴിയുകയുള്ളു. സഭയെന്നത് വിശുദ്ധരുടെ കൂട്ടായ്മയായി മാറണം. ഈ കൂട്ടായ്മ സമൂഹത്തിൽ വിശുദ്ധിയെ വിളിച്ചറിയിക്കുമ്പോഴാണ് സഭയുടെ വിശുദ്ധി ലോകം മനസ്സിലാക്കുന്നത്. സഭാമക്കൾ വിശുദ്ധിയെ പ്രതിഫലിപ്പിക്കണം. പഴയനിയമത്തിലെപ്പോലെതന്നെ പുതിയനിയമത്തിലും സഭയുടേയും ദൈവജനത്തിന്റേയും വിശുദ്ധിയെക്കുറിച്ചും വിശുദ്ധരുടെ കൂട്ടായ്മയെക്കുറിച്ചും ഏറെ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽ മുമ്പൻ വി. പൗലോസി ശ്ലീഹായുമാണ്. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് കഴുകി വെടിപ്പാക്കപ്പെട്ട സഭാംഗമാകുന്ന ഓരോരുത്തരും ആ വിശുദ്ധിയിൽ നിലനില്ക്കാൻ ബാദ്ധ്യസ്ഥരാണ്. ഓരോ ദിവസവും ദൈവസ്വഭാവത്തിലൂടെ ദൈവാനുരൂപികളായി വിശുദ്ധനാം ദൈവത്തിന്റെ കൂട്ടവകാശികൾ, പങ്കാളികൾ ആയി തീരണം (2 പത്രോ. 1:4). “സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നാമും സൽഗുണ പൂർണ്ണരായിരിപ്പീൻ” (മത്താ. 5:48). സൽഗുണത്തിലും വിശുദ്ധീകരണത്തിലും അതുവഴി ദൈവീകരണത്തിലും ഓരോ നിമിഷവും നാം വളർന്നുകൊണ്ടിരിക്കണം. വിശുദ്ധീകരണം കൂടാതെ ദൈവപങ്കാളിത്വമില്ല. “ഞാൻ നിങ്ങൾക്ക് ദൈവവും നിങ്ങൾ എനിക്ക് ജനവും ആകുന്നു” (ലേവ്യ. 18:5). ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. നാം ചൊല്ലുന്ന വിശ്വാസപ്രമാണം ദൈവത്തിന്റേയും സഭയുടേയും വിശുദ്ധി ആവർത്തിച്ച് ആവർത്തിച്ച് പ്രഖ്യാപിക്കുകയാണ്. അതുവഴി നാമും വിശുദ്ധജീവിതം നയിക്കാനുള്ള ആഹ്വാനവും ഓർമ്മപ്പെടുത്തലുമുണ്ട്. സഭയിലൂടെയല്ലാതെ വിശുദ്ധീകരണം ദൈവജനത്തിനില്ല. സഭയും ജനവും പരസ്പരപൂരകങ്ങളാണ്. സഭയും ജനവുമായുള്ള കൂട്ടായ്മയിലൂടെയോ പൂർണ്ണത ലഭിക്കുള്ളൂ. വിശുദ്ധിയിലൂടെ ഈ കൂട്ടായ്മ അനുഭവിക്കാൻ കഴിയുകയുമുള്ളു. സഭയിലൂടെ വിശുദ്ധീകരണം ലഭിക്കുന്നതിനാണ് സഭ കൂദാശകൾ ക്രമീകരിച്ചിരിക്കുന്നത്. കൂദാശയെന്നതിന് ശുദ്ധീകരണം എന്നാണെല്ലോ അർത്ഥം. പ്രത്യക്ഷങ്ങളായ കർമ്മങ്ങളിലൂടെ അപ്രത്യക്ഷങ്ങളായ കൃപാവരങ്ങളിലൂടെ വിശുദ്ധി സംജാതമാകുന്നു. കൗദാശിക സംസർഗ്ഗത്തിലൂടെയും ആദ്യന്തമുള്ള വ്യക്തിജീവിതത്തിലെ വിവിധ കൂദാശ സ്വീകരണത്തിലൂടെയും ഒരു വിശ്വാസി വിശുദ്ധീകരണത്തിന്റെ ചവിട്ടുപടികൾ ചാടികയറുന്നു. വി. മാമോദീസാ മുതൽ രോഗികളുടെ തൈലാഭിഷേകം വരെയുള്ള ഏഴു കൂദാശകൾ വിശ്വാസിയുടെ ആത്മശരീര മനസ്സുകളെ ലക്ഷ്യമിട്ടു ക്രമീകരിച്ചിട്ടുള്ളവയാണ്. വി. മാമോദീസായിലൂടെ പഴയതിനു ഉരിഞ്ഞ് വിശുദ്ധമായത് ധരിക്കുന്നു. സാത്താനെ ഉപേക്ഷിച്ച് മ്ശിഹായെ സ്വീകരിച്ച് വിശുദ്ധ പ്രജയാകുന്നു. വി. മൂറോനഭിഷേകത്തിലൂടെ പരിശുദ്ധാത്മാവിനെ പ്രാപിച്ച് വിശുദ്ധ മുദ്രചാർത്തുന്നു. വി. കുർബാന കർത്താവിന്റെ തിരുശരീര രക്തമാകുന്ന വിശുദ്ധർക്കായി ഒരുക്കിവെച്ചിരിക്കുന്ന വിശുദ്ധമായ സ്വർഗ്ഗീയ ഭോജനമാണ്. ഇത്രയും പ്രാപിച്ചുകഴിഞ്ഞ ഒരു വിശ്വാസം നിരന്തരമായി നടത്തുന്ന വി. കുമ്പസാരത്തിലൂടെ തന്റെ വിശുദ്ധജീവിതത്തെക്കുറിച്ച് അഥവാ അവിശുദ്ധ ജീവിതത്തെക്കുറിച്ച് ഒന്നൊന്നായി അയവിറക്കി. അനുതപിച്ച് പശ്ചാത്തപിച്ച് കുറവുകൾ പരിഹരിച്ച് വീണ്ടും വിശുദ്ധ കൂട്ടായ്മയിലേക്ക് തിരിച്ചുവരുന്നു. തന്റെ വിശുദ്ധജീവിതത്തെ പരിശോധിച്ചുവരുന്നു. തന്റെ വിശുദ്ധജീവിതത്തെ പരിശോധിച്ചു നോക്കുന്ന സന്ദർഭമാണ് കുറവുകൾ നികത്താൻ ലഭിക്കുന്ന അവസരമാണ് വി. കുമ്പസാരം. ഏദനിൽ കർത്താവ് സ്ഥാപിച്ച വിവാഹകൂദാശ ദമ്പതികൾക്ക് പരസ്പരം വിശുദ്ധി കാത്തുസൂക്ഷിച്ച് കല്പനകൾ അനുസരിച്ച് ഒരുമിച്ച് ജീവിക്കുവാനും പരസ്പരം വിശുദ്ധിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് കുടുംബം മുഴുവൻ വിശുദ്ധിയിൽ ജീവിക്കാൻ പര്യാപ്തരാക്കുന്നു. പട്ടത്വത്തിലൂടെ സ്വർഗ്ഗീയ രഹസ്യങ്ങളുടെ കാവൽക്കാരും ശുശ്രൂഷകരും പരികർമ്മികളും കർത്താവിന്റെ പ്രതിനിധികളും എന്ന നിലയിൽ വിശുദ്ധിയിൽ ജീവിപ്പാൻ പൗരോഹിത്യ നൽവര ലഭ്യതയിലൂടെ തീക്കട്ടയാകുന്ന കർത്താവിന്റെ തിരുശരീരരക്തങ്ങൾ കൈകളിലെടുത്തു വാഴ്ത്തുവാനും അതു വിശ്വാസികൾക്ക് നൽകുവാനുമുള്ള അധികാരം ലഭിച്ച വ്യക്തിയെന്ന നിലയിൽ വിശുദ്ധിയുടെ പ്രതിരൂപങ്ങളായിരിക്കണം. അഗ്നിശുദ്ധി വരുത്തിയ ജീവിതം നയിക്കുന്നതിലൂടെ ദൈവജനത്തിന് കൂദാശകളുടെ കാർമ്മികർ എന്ന നിലയിൽ വിശുദ്ധജീവിതം നയിക്കുന്നതിനുള്ള പ്രേരകങ്ങളായി തീരുന്നു. തൈലാഭിഷേകവും അറിഞ്ഞോ അറിയാതെയോ ചെയ്ത തെറ്റുകളിൽനിന്ന് തന്റെ ബലഹീനതയിലും ഓരോ വിശ്വാസിക്കും ശുദ്ധീകരണം പ്രാപിക്കുന്നതിനുള്ള ഉപാധിയായി സഭ ക്രമീകരിച്ചിരിക്കുന്നു. തന്മൂലം സഭയിലൂടെയുള്ള കൗദാശിക ജീവിതത്തിലൂടെയല്ലാതെ ഒരു വിശ്വാസിക്കും സ്വയം വിശുദ്ധീകരണം പ്രാപിക്കാൻ കഴിയില്ല. കഴിയുമെന്ന വിശ്വാസത്തിൽ ഓടിനടക്കുന്നവർ താൻ വിശുദ്ധനാണെന്ന് സ്വയം അഹങ്കരിച്ച് കൂകിനടക്കുന്നവർ മൂഢസ്വർഗ്ഗത്തിലും പാപത്തിന്റെ പടുകുഴിയിലുമാണ് നീ പതിച്ചിരിക്കുന്നതെന്ന് ഓർത്തുകൊള്ളണം. പാപിക്ക് ഒരുപക്ഷേ മാനസാന്തരത്തിനുള്ള സന്ദർഭങ്ങൾ ദൈവം ഒരുക്കിയേക്കാം. എന്നാൽ പാപമോചനവും ശുദ്ധീകരണവും സഭവഴിയും പുരോഹിതന്മാർവഴിയും മാത്രമേ ലഭിക്കുയെന്ന് ശൗൽ വി. പൗലോസ് ശ്ലീഹായായ സംഭവത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയും. കൂദാശകൾ വിശുദ്ധിയെ പ്രദാനം ചെയ്യുന്ന മാർഗ്ഗങ്ങളായതിനാൽ ഓരോ വിശ്വാസിയും കൂദാശ സ്വീകരണത്തിലൂടെ വിശുദ്ധജീവിതം നയിപ്പാൻ പ്രയത്നിച്ചുകൊള്ളേണ്ടതാണ്. വീണ്ടെടുക്കപ്പെട്ട രക്ഷിത സമൂഹമെന്ന നിലയിൽ സഭ വിശുദ്ധരുടെ കൂട്ടായ്മയാണ്. വിശുദ്ധിയിലൂടെ ആ കൂട്ടായ്മ നമുക്ക് നിലനിർത്താം.

# നിത്യകന്യകയും ഭാഗ്യവതിയുമായ വി. ദൈവമാതാവ്

**മലങ്കര മല്പ്പാൻ ഡോ. കുര്യൻ കോർ എപ്പിസ്കോപ്പ, കണിയാമ്പറമ്പിൽ**

ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്ന ദൈവപുത്ര തിരുവചനപ്രകാരം സ്ഥാപിതമായ വി. സഭ പ്രവർത്തനം ആരംഭിച്ച കാലംമുതൽ തന്നെ-തമ്പുരാനെ പെറ്റ അമ്മയ്ക്ക്-നല്കിയിട്ടുള്ള വിശേഷണമാണ് മേലുദ്ധിതമായിരിക്കുന്നത്. റോമൻ കത്തോലിക്, ഗ്രീക്ക്, എത്യോപ്യൻ, അർമ്മീനിയൻ എന്നീ പൂർവിക സഭകളും നമ്മുടെ വി. അന്ത്യോക്യൻ സഭയെപോലെ മേലുദ്ധിത വിശേഷണങ്ങൾ വി. മാതാവിന് ആരംഭം മുതൽ നല്കിക്കൊണ്ടിരുന്നു. ആധുനിക സഭകളുടെ ആരംഭംവരെ നെസ്തോർ അല്ലാതെ മറ്റാരും കാര്യമായി ഇക്കാര്യത്തിൽ  കൈകടത്തിയിട്ടില്ല.

**നിത്യകന്യക:** വി. മാതാവ് ജെറുശലേം ദൈവാലയത്തിൽ വളർന്നു വന്ന കാലം മുതൽ തന്നെ നിത്യകന്യകവ്രതത്താൽ സ്വയം സമർപ്പിച്ചവളായിരുന്നു. വി. മാതാവിന്റെ നിത്യ കന്യകത്വത്തെ ആദ്യമായി എതിർത്തെഴുതിയത് ഹെൽവദ്യൂസ് എന്ന വേദ വിപരീതിയായിരുന്നു.

ആദ്യജാതനെ പ്രസവിക്കും വരെ അവൻ അവളെ പരിഗ്രഹിച്ചില്ല-ആദ്യജാതൻ എന്നതിൽ നിന്നു പിന്നീടും ജാതന്മാർ ഉണ്ടായിട്ടുണ്ടത്രെ. അതുപോലെ തന്നെ വരെ എന്നുള്ളതിൽ നിന്നും അതിനുശേഷവും ഉണ്ടായി എന്നതായിരുന്നു വാദം. മരിക്കുന്നതുവരെ മീഖൾ പ്രസവിച്ചില്ല. മരിക്കുന്നതുവരെ വി. യൂഹാനോൻ വീഞ്ഞും മദ്യവും ഉപയോഗിച്ചില്ല. മുതലായവയിൽ നിന്നും പിന്നീട് ഉപയോഗിച്ചു എന്നർത്ഥം വരികയില്ലല്ലോ. പിന്നീട് ജനിച്ചാലും ഇല്ലെങ്കിലും ആദ്യം ജനിക്കുന്നവരെ ആദ്യ ജാതൻ എന്നു വിളിച്ചിരുന്നു. ആരംഭത്തിൽതന്നെ ഹെൽവദ്യുസിന്റെ വേദവിപരീതം കെട്ടടങ്ങി.

യേശുവിന്റെ സഹോദരന്മാർ യേശുവിനുശേഷം മറിയാം പ്രസവിച്ചവരാണ് എന്ന വേദവിപരീതം പ്രോട്ടസ്റ്റന്റ് ചിന്താഗതിവന്നതിനു ശേഷമുള്ളതത്രെ. ഈ സഹോദരന്മാർ വി. കന്യകമറിയമിന്റെ മക്കളല്ല. ലോസ്റ്റ് ബുക്ക് ഓഫ് ദി ബൈബിൾ എന്ന അമേരിക്കൻ പ്രസിദ്ധീകരണത്തിൽ വി. യാക്കോബ് ശ്ലീബായുടേതായി വി. കന്യക മറിയാമിന്റെ ജീവചരിത്രമുണ്ട്. അതിൽ പറയുന്നു ബേത്‌ലഹേമിൽ വച്ച് വി. മറിയാമിന് പ്രസവവേദന ഉണ്ടായപ്പോൾ യൗസേഫ് തന്റെ പുത്രന്മാരെ മറിയാമിനു കാവലിരുത്തിയശേഷം സൂതികർമ്മിണിയെ വിളിക്കാൻ പോയി എന്ന്. വി. മറിയാമിന് വിവാഹനിശ്ചയം ചെയ്യുന്ന കാലത്ത് വി. യൗസേഫ്, വിഭാര്യനും അഞ്ചു പുത്രന്മാരുടെ പിതാവുമായിരുന്നു. അവരാണ് സഹോദരന്മാർ. ഇവരിലൊരാളാണ് പിൽക്കാലത്ത് ജെറുശലേമിന്റെ പ്രധാനചാര്യനും പുണ്യവാനും ശ്ലീഹായും സഹദായുമായ മാർ യൗക്കോബ്.

വി. ദൈവമാതാവിന് മറ്റു മക്കളുണ്ടായിരുന്നെങ്കിൽ വി. മാതാവിന്റെ സംരക്ഷണച്ചുമതല അവരെ ഏല്പ്പിക്കാതെ വി. യോഹന്നാനെ ഏല്പ്പിക്കുമായിരുന്നോ? വി. യോഹന്നാൻ വി. മാതാവിനെ കൂട്ടിക്കൊണ്ടുവാൻ അവർ അനുവദിക്കുമായിരുന്നോ? വി. റൂഹായ്ക്കുവേണ്ടി പത്തുദിവസം കാത്തിരിപ്പ്-വി. മർക്കോസിന്റെ ഭവനത്തിൽ കാത്തിരിപ്പ് ശ്ലീഹന്മാർ നടത്തിയപ്പോൾ അവരോടൊരുമിച്ച് യേശുവിന്റെ മാതാവ് എന്ന് വി. ലൂക്കോസ് പറയുന്നു.

പുരാതന സഭകളെല്ലാം ഉപയോഗിക്കുന്ന വിശ്വാസ പ്രമാണത്തിൽ ദൈവമാതാവായ വി. കന്യക മറിയാം എന്നത്രെ പിതാക്കന്മാർ ഉപയോഗിച്ചത്. സുറിയാനി പ്രാർത്ഥനകളിൽ നിന്നും അനേകം ഉദ്ധരണികൾ കാണിക്കാവുന്നതാണ്.

**ഭാഗ്യവതി:** ദൈവത്താൽ അയയ്ക്കപ്പെട്ട വി. ഗബ്രിയേൽ മാലാഖ വി. കന്യക മറിയാമിനോട്-സ്ത്രീകളിൽവച്ച് നീ അനുഗ്രഹിക്കപ്പെട്ടവൾ എന്നു പറഞ്ഞു.

**മറിയാമിന്റെ പാട്ട്:** ഇതുമുതൽ സർവ്വ വംശങ്ങളും എന്നെ ഭാഗ്യവതി എന്നു വിളിക്കും. നമ്മുടെ കർത്താവിനെ ഉദരത്തിൽ വഹിച്ചുകൊണ്ടാണ് ഈ പ്രസ്താവന എന്നോർക്കണം. പരിശുദ്ധാത്മാവ് നിറഞ്ഞ് എലിസബേത്ത് സംബോധന ചെയ്യുന്നു-വിശ്വസിച്ചവൾ, ഭാഗ്യവതി എന്ന്.

എന്നാൽ, മലങ്കര മല്പാൻ വന്ദ്യ കോനാട്ട് മാത്തൻ മല്പാൻ ചെയ്ത പുതിയനിയമവും ഞാൻ ഭാഷാന്തരം ചെയ്ത വി. ഗ്രന്ഥവും പ്രസിദ്ധീകൃതമാകുന്നതിനു മുമ്പ് നാം ഉപയോഗിച്ചിരുന്ന സത്യവേദപുസ്തകം വഴിയായി വി. മാതാവിനെ നിർഭാഗ്യവതിയാക്കുവാൻ മനഃപൂർവ്വം ശ്രമം നടത്തിയിട്ടുണ്ട്. വി. മാതാവിന്റെ മഹിമ കുറയ്ക്കുവാനായുള്ള പ്രോട്ടസ്റ്റന്റുകാരുടെ ഒരു പ്രധാന വാകൃമാണ് സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്ന വാക്യം. ഇങ്ങനെ തന്റെ അമ്മയോടു പറഞ്ഞിട്ടില്ല കാരണം ഏറ്റവും അധമൻ പോലും തന്റെ അമ്മയോടു നമ്മൾ തമ്മിൽ എന്തു ബന്ധം? എന്നു പറയുകയില്ല. രണ്ടാമത് സംസാരിച്ച ഭാഷ-സുറിയാനിയിൽ മൂന്ന് വാക്കുകൾ, മൊ-ലി-ഉലേക്ക്; What to me and to thee എനിക്കും നിനക്കും എന്ത്? നാം തമ്മിൽ എന്നു വരണമെങ്കിൽ ബയ്നോ സാൻ എന്ന വാക്ക് കൂടിയേ തീരു.

(കൂടുതൽ ഗ്രഹിക്കാനാഗ്രഹിക്കുന്നവർ ഞാൻ തർജ്ജമ ചെയ്ത വി. ഗ്രന്ഥം വി. യോഹ. പാഠഭേദം - 174-ാം പുറം നോക്കുക)

**ദൈവമാതാവ്:** വി. യോഹ. 1: ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവമായിരുന്നു. ആ ദൈവത്തെ വഹിച്ചവൾ-ദൈവമാതാവ്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ ദൈവത്തെ വഹിച്ചവൾ-ദൈവമാതാവ്.

മഹോന്നതന്റെ പുത്രനെ വഹിച്ചവൾ ദൈവമാതാവ്. പരിശുദ്ധാത്മാവ് നിറഞ്ഞ-എലിസബേത്ത് എന്റെ കർത്താവിന്റെ അമ്മ (my lord’s mother) എന്നാൽ 4-ാം നൂറ്റാണ്ടിൽ നെസ്തോർ ദൈവമാതാവ് എന്ന സംജ്ഞയെ എതിർത്തു. അതിനെതിരായി കൂടിയ എഫേസൂസ് സാർവ്വത്രിക സുന്നഹദോസ് ഈ വേദ വിപരീതത്തെ ശപിച്ചുതള്ളി.

വിശ്വാസപ്രമാണം: വി. ദൈവമാതാവായ കന്യക മറിയാമിൽ നിന്നും ഒരു ഭക്തനായ സുറിയാനി സഭാപിതാവ് (കവി) എഴുതിയിരിക്കുന്നു. ദാവീദു പുത്രി! നിന്നെ ഞാൻ എങ്ങനെ സംബോധന ചെയ്യണം എന്നെ നിനക്കറിഞ്ഞുകൂടാ. കന്യക എന്നു വിളിച്ചാലോ? പുത്രൻ എന്റെ മുലപ്പാൽ കുടിക്കുന്നു. അമ്മ എന്നു വിളിക്കാനും സാധ്യമല്ലല്ലോ. ഇപ്പോഴും നിന്റെ കന്യാത്വം നിലനില്ക്കുന്നു. ആകയാൽ ഞാൻ നിന്നെ ദൈവമാതാവ് എന്നു വിളിക്കുന്നു.

**എട്ടുനോമ്പ്:** മലങ്കരയിൽ വി. മാതാവിന്റെ നാമത്തിലുള്ള എട്ടുനോമ്പിന്റെ ആരംഭം എന്നാണെന്ന് ആർക്കും നിശ്ചയമില്ല. എന്നാൽ അത് ആദ്യമായി ആരംഭിച്ചത് മണർകാട് വി. മർത്തമറിയം പള്ളിയിൽ അത്രെ എന്നതിൽ ആർക്കും അഭിപ്രായ വ്യത്യാസവുമില്ല. സി.എം.എസ്. മിഷനറിമാരുടെ കാലത്ത് റവ. പീറ്റ് മുതലായവർ ഇതിനെതിരായി പരിശ്രമിച്ചെങ്കിലും ലജ്ജിച്ചു പിന്മാറോണ്ടി വന്നു. അഭി. മണർകാട് വെട്ടിക്കുന്നേൽ കുര്യാക്കോസ് മല്പ്പാനച്ചന്റെ കാലത്ത് മണർകാട് എട്ടുനോമ്പ് ലോക പ്രസിദ്ധമായി. ഞാൻ പരിപൂർണ്ണ മാതൃഭക്തനാണ്. എന്റെ എല്ലാ അഭിവൃദ്ധിക്കും ദൈവാനുഗ്രഹം കഴിഞ്ഞാൽ പ്രധാനം വി. മാതൃഭക്തിയാണ്. തെക്കൻ പ്രദേശങ്ങളിൽ എട്ടുനോമ്പ് ആചരണം ഇല്ലാതിരുന്ന കാലത്ത് ഈ ബലഹീന ഭക്തനായ ഞാനാണ് 1123-ൽ 62 വർഷം മുമ്പ് തിരുവല്ലായിൽ ഈ നോമ്പാരംഭിച്ചത്. ഇപ്പോൾ എല്ലാ തെക്കൻ പള്ളികളിലും ഉണ്ട്. വി. മാതാവിനോടുള്ള പ്രാർത്ഥനാ പുസ്തകങ്ങൾ ഒന്നും ഇല്ലാതിരുന്ന കാലത്ത് വി. മാതാവിന്റെ അനുഗ്രഹത്തോടെ ഞാനെഴുതി അഭി. മീഖായേൽ മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്ത തിരുമേനി ഉദ്ഘാടനം ചെയ്ത പ്രാർത്ഥനാ പുസ്തകമാണ് ഇന്നും അവിടെ ഉപയോഗിക്കുന്നത്.

## മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ എട്ടുനോമ്പ് പെരുന്നാൾ 2010 സെപ്റ്റംബർ 1 മുതൽ 8 വരെ

**ഭക്തജനങ്ങളുടെ ആശാകേന്ദ്രം: ഇ.ടി. കുര്യാക്കോസ് കോറെപ്പിസ്കോപ്പാ, ഇട്ട്യാടത്ത് (വികാരി)**

ദക്ഷിണ ഭാരതത്തിലെ പുരാതനവും പ്രസിദ്ധവുമായ പുണ്യതീർത്ഥാടനകേന്ദ്രമാണ് മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രൽ. ഈ ദേവാലയം കോട്ടയം പട്ടണത്തിൽനിന്നും ഒൻപത് കിലോമീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്നു. ആയിരത്തിൽപരം വർഷങ്ങൾ പഴക്കമുള്ള ഈ ദേവാലയം നാനാജാതി മതസ്ഥരായ ലക്ഷക്കണക്കിന് ഭക്തജനങ്ങളുടെ ആശാകേന്ദ്രവും അഭയസ്ഥാനവുമാണ്. ഈ വർഷത്തെ എട്ടുനോമ്പു പെരുന്നാൾ 2010 സെപ്റ്റംബർ 1 മുതൽ 8 വരെ പൂർവ്വാധികം ഭംഗിയായി കൊണ്ടാടുകയാണ്.

എട്ടുനോമ്പിന്റെ ഉത്ഭവസ്ഥാനമാണ് മണർകാട് വി. മർത്തമറിയം ദേവാലയം. പരിശുദ്ധിയുടെ പര്യായമായ മാതാവിന്റെ അനുഗ്രഹം തേടി നൂറ്റാണ്ടുകൾക്കു മുമ്പ് മുതൽക്കേ ഭക്തജനങ്ങൾ ഈ ദേവാലയത്തിൽ എട്ടുനോമ്പിനെത്തിയിരുന്നു. വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിലൂടെ രോഗശാന്തി, ഉദ്ദിഷ്ടകാര്യപ്രാപ്തി, സന്താനലബ്ധി, പൈശാചിക ബന്ധനങ്ങളിൽ നിന്നുള്ള മോചനം എന്നിവയ്ക്കായി എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് അനുഗ്രഹസിദ്ധി ലഭിക്കുന്നു.

1982 ഫെബ്രുവരി 26-ാം തീയതി ആകമാന സുറിയാനിസഭയുടെ പരമമേലദ്ധ്യക്ഷൻ മോറാൻ മാർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ഐവാസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഈ പള്ളിയിൽ വിശുദ്ധ ദൈവമാതാവിന്റെ സൂനോറോ (തിരുവസ്ത്രത്തിന്റെ അംശം) സ്ഥാപിച്ചു. സൂനോറോ പള്ളി എന്ന പവിത്രമായ പദവിയും നൽകി. ആ വർഷം മുതൽ ഫെബ്രുവരി 26 മണർകാട് പള്ളിയിൽ സൂനോറോ പെരുന്നാൾ ആഘോഷിക്കുന്നു. കൂടാതെ മെയ് 5,6 തീയതികളിൽ വി. ഗീവർഗീസ് സഹദായുടെ പെരുന്നാളും ആഘോഷിക്കുന്നു.

1982 ഫെബ്രുവരി 27-ാം തീയതി പരി. സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഈ പള്ളിയിൽ വച്ച് വി. മൂറോൻ കൂദാശ നിർവ്വഹിച്ചു. 2004 സെപ്റ്റംബർ 26-ാം തീയതി പരി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് എഴുന്നള്ളിവന്ന് വി. കുർബ്ബാനയർപ്പിക്കുകയും ഈ ദേവാലയത്തെ കത്തീഡ്രലായും, ആഗോള മരിയൻ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തു.

ഈ ദേവാലയം പുരാതനകാലം മുതൽ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ പരമാധികാരത്തിൻ കീഴിൽ നടന്നുവരുന്നു. പന്ത്രണ്ടു കരകളിലായി വ്യാപിച്ചു കിടക്കുന്ന 3000-ൽപരം കുടുംബങ്ങൾ ഉള്ള ഈ ഇടവകയുടെ ഭരണം നടത്തുന്നത് തെരഞ്ഞെടുക്കപ്പെടുന്ന 44 കമ്മിറ്റി അംഗങ്ങളും 9 ഇടവക പട്ടക്കാരും ചേർന്ന ഭരണസമിതിയാണ്. 1958-ൽ അംഗീകരിക്കപ്പെട്ട സ്വതന്ത്രഭരണഘടനയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

**വി. കന്യക മറിയം - ഒരു മൗന സംഗീതധാര: ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**

നമ്മുടെ സഭയുടെ തീർത്ഥാടന കേന്ദ്രങ്ങളിൽ പേരുകൊണ്ടും പെരുമകൊണ്ടും പുകൾപ്പെറ്റ പുണ്യ ദേവാലയമാണ് മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രൽ. അക്ഷരനഗരിക്ക് ഒരു തിലകമായി, അഭയാർത്ഥികൾക്ക് ആശ്വാസമായി, അശരണർക്ക് ശരണമായ വി. കന്യകമറിയാമിന്റെ അർത്ഥനകൾ മാനസാന്തരവും മഹത്വവും മഹിമയും നൽകുന്നു.

വി. കന്യക മറിയാമിന്റെ ജീവിതത്തിന് വലാഹങ്ങൾക്കിടയിൽ നിന്ന് പൂർണ്ണചന്ദ്രൻ ഉദിച്ചുയരുന്ന സൗന്ദര്യമുണ്ട്, ലബനോനിലെ പനിനീർപൂക്കളുടെ സൗഗതയുണ്ട്, യശയ്യായുടെ ദർശനമുണ്ട്, ആമോസിന്റെ അരുളപ്പാടുണ്ട്, ദാനിയേലിന്റെ പ്രവചന ചരുതയുണ്ട്. വി. സഭാപിതാക്കന്മാരായ ജസ്റ്റിൻ മാർട്ടിയർ, തെർത്തുല്ല്യൻ, ഐറേനിയസ് എന്നിവരുടെ ദാർശനീകഭാവം ഉണ്ട്. ഏതാണ്ട് ഒരു ലക്ഷത്തിലേറെ രചനകൾ വിശുദ്ധ മറിയത്തിന്റേതായി സാഹിത്യ ലോകത്ത് പ്രചാരത്തിലുണ്ട്.

വിനീതരെ ഉയർത്തിയ ക്രിസ്തു സാദൃശ്യമായ മുഖമായിരുന്നു വിശുദ്ധ കന്യകമറിയാമിന്റേത്, ക്രിസ്തീയതയുടെ അന്തരംഗങ്ങളുടെ നിർമ്മാതാവായിരുന്നു വിശുദ്ധ മറിയം. എന്തുകൊണ്ട് വിശുദ്ധ ദൈവമാതാവ് ഇത്രമേൽ പ്രകീർത്തിക്കപ്പെടുന്നു? പല മാനദണ്ഡങ്ങളും പരുപ്രേക്ഷണങ്ങളും പരിജ്ഞാനവും പക്വതയാർന്ന ദൈവശാസ്ത്ര നിഗമനങ്ങളും ഇതിന്റെ പിന്നിലുണ്ട്. അതിന്റെ ദൈവശാസ്ത്രദർശനത്തിലേക്കോ, മാനുഷിക മൂല്യബോധ തത്ത്വധാരയിലേക്കോ കണ്ണോടിക്കുവാൻ ശ്രമിക്കുന്നില്ല. കാരണം വിശുദ്ധ കന്യക മറിയം ലോകത്തിന്റെ മാതാവാണ്, മാനവികതയുടെ മനസ്സാണ്, കാരുണ്യത്തിന്റെ നിർമ്മലദന്ത ഗോപുരമാണ്, എല്ലാറ്റിലും ഉപരിയായി ദൈവമാതാവാണ്. എന്നെ ഇത്രമേൽ ആകർഷിച്ച ഒരു സ്ത്രൈണ കഥാഥുവിന്റെ നിമിഷങ്ങളിൽ നിശ്ചയദാർഢ്യം, വേഗമാർന്ന മേഘങ്ങളെ തന്റെ ശൈലിയിൽ ദർശിച്ച ദൈവസ്വരൂപം. ദൈവം തന്റെ ആജ്ഞയെ ഭൂമിയിലേക്ക് അയച്ചതിന്റെ തെളിവായി വിശുദ്ധമറിയം നമ്മുടെ കൺമുമ്പിൽ ബലിഷ്ഠഗോപുരംപോലെ നില്ക്കുന്നു. ചരിത്രം മാറ്റിമറിയലിന്റേതാണ്. ക്രിസ്തുവിലേക്ക് മറിയം, മറിയത്തിലൂടെ ക്രിസ്തു.

വചനമായ ദൈവം ഇറങ്ങിവസിച്ചത് വിശുദ്ധ കന്യകമറിയത്തിലാണ്. മനുഷ്യപിതാവില്ലാതെ മനുഷ്യപുത്രനെ പ്രസവിച്ച കന്യകയാണവൾ. പാപം നിറഞ്ഞ മനുഷ്യനിൽ നിന്നാണ് മറിയം എന്ന സ്ത്രീരത്നം

# പ. സഖാപ്രഥമൻ പാത്രിയർക്കീസ് ബാവായുടെ 30–ാം സ്ഥാനാരോഹണവാർഷികം

മാർ സേവേറിയോസ് മെത്രാപ്പോലിത്ത തിരുമനസ്സുകൊണ്ട് അന്ത്യോഖ്യയുടെയും കിഴക്കോക്കെയുടെയും പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തിട്ട് 30 വർഷം തികഞ്ഞു. മലങ്കര സഭയെ ഏറെ സ്നേഹിക്കുകയും കരുതുകയും മലങ്കരക്ക് ഒരു കാതോലിക്കായേയും 22 മെത്രാപ്പോലീത്താമാരേയും വാഴിച്ച് അനുഗ്രഹിച്ച ഈ പരിശുദ്ധൻ 4 പ്രാവശ്യം മലങ്കരയിൽ ശ്ലൈഹീക സന്ദർശനം നടത്തുകയും ഒരു പ്രാവശ്യം അന്ത്യോഖ്യാ പ്രതിനിധിയായി വരുകയും ചെയ്തു. ഇദ്ദേഹത്തിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചത് മലങ്കരയിലെ പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവ ആയിരുന്നു എന്നതും പ്രസ്താവ്യമത്രെ. സഭയെ ലോകമാകമാനം ആത്മീയമായും ഭൗതീകമായും സഭാപരമായും വളർത്തുകയും എക്യുമെനിക്കൽ രംഗത്ത് നേതൃത്വം നൽകുകയും ചെയ്ത പരി. ബാവ സിംഹാസനാരൂഢനായിട്ട് (1980 സെപ്റ്റംബർ 14) 30 വർഷം തികഞ്ഞു.

ഇനിയും സഭയെ നയിപ്പാൻ സർവ്വശക്തൻ ആയുരാരോഗ്യം നൽകട്ടെയെന്ന് സഭാമക്കൾക്ക് പ്രാർത്ഥിക്കാം ആശംസിക്കാം.

കേരളത്തിലെ നാനാജാതി മതസ്ഥർ ഇത്രമാത്രം സ്നേഹിക്കുന്ന ആദരിക്കുന്ന മറ്റൊരു വിദേശീയനായ ആത്മീയ പിതാവ് ഇല്ല എന്ന് തറപ്പിച്ച് പറയുവാൻ നമുക്ക് കഴിയും. എല്ലാ ആശംസകളും...



---

ഉദയം ചെയ്തത്. ചുരുക്കത്തിൽ ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ ചരിത്രത്തിൽ സ്വന്തം സ്ഥാനം നിലനിൽക്കുന്നത് രണ്ട് രീതിയിലാണ്. കർത്താവിന്റെ മനുഷാവതാരത്തിലും കർത്താവിന്റെ നിത്യമനുഷ്യത്വത്തിലും ആദ്യത്തേത് സാദ്ധ്യമായത് കന്യകസ്വയം ദൈവ ഇഷ്ടത്തിനു കീഴ്പ്പെടുത്തിക്കൊടുത്തതുകൊണ്ടാണ്. ഒൻപതുമാസം വചനമാം ദൈവത്തെ തന്റെ ഉദരത്തിൽ വളർത്തി. ഹവ്വായുടെ അനുസരണക്കേടും, അതുമൂലമുണ്ടായ മാനവരാശിയുടെ പതനവും മറിയത്തിന്റെ വിശ്വാസത്തിലൂടെ പൂർവ്വാവസ്ഥയിലേക്ക് ഉയർത്തി ഇവിടെയാണ് മഹാകവി മിൽട്ടൻ വിശുദ്ധ മറിയത്തെ രണ്ടാം ഹവ്വാ എന്നു വിളിക്കുന്നത്. ദൈവത്തിന്റെ വാക്കുകൾ സ്വീകരിച്ച മറിയത്തിന്റെ വളർച്ച മനുഷ്യരുടെ വളർച്ചയായിരുന്നു. അത് പുതിയ വീണ്ടെടുപ്പും ഉദ്ധാരണവും സമൂഹത്തിന് നല്കി.

രണ്ടാമത്തെ കാര്യം നമ്മുടെ കർത്താവ് ഇന്നും പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണ്. തന്റെ മനുഷ്യത്വവും ദൈവത്വവും വേർപെട്ടല്ല നിൽക്കുന്നത്. സ്വർഗ്ഗാരോഹണത്തോടെ തന്റെ മനുഷ്യത്വം അവസാനിച്ചിട്ടില്ല. ആയതുകൊണ്ട് ഇന്നും വചനമായ ദൈവത്തിന്റെ മാതാവാണ് വിശുദ്ധ കന്യക.

ചുരുക്കത്തിൽ വിശുദ്ധ മറിയം തന്റെ മകനിലൂടെ ചരിത്രത്തിൽ പ്രവേശിക്കുമ്പോൾ മറിയം മകനെ ചരിത്രത്തിൽ വെളിപ്പെടുത്തുന്നു. ക്രിസ്തു മാനുഷ്യരാശിയുടെ മദ്ധ്യസ്ഥൻ എങ്കിൽ മറിയം ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവിന്റെ മദ്ധ്യസ്ഥയാണ്. ഇതാണ് വിശുദ്ധ കന്യകയുടെ സ്ഥാനം. ലോകത്തിന്റെ രക്ഷയ്ക്കായി ദൈവം തെരഞ്ഞെടുത്തത് കേവലമായ ഒരു കർഷക പുത്രിയെയാണ്. വിശുദ്ധമാതാവിന്റെ മഹത്ത്വം കേവലതയിൽ നിന്ന് കേദാരത്തിലേയ്ക്കുള്ളതാണ്. മനുഷ്യചരിത്രത്തിൽ ദൈവം കാണിച്ച നിസ്തുലമായ വെളിപ്പെടുത്തലാണ് ക്രിസ്തുവിന്റെ പിറവി. അങ്ങനെ വിശുദ്ധ ദൈവമാതാവ് കൃപാവരത്തിന്റെ കൂടാരമാണ്. പരിശുദ്ധത്മാവിന്റെ കുടീരമാണ്. ആ അമ്മയിൽ ആശ്രയിക്കുന്ന ഏവർക്കും ശാന്തിയും സമാധാനവും സൗഖ്യവും മനുഷ്യപ്രീതിയും ലഭിക്കുന്നു. മറിയത്തിനു തുല്യമായി മറിയം മാത്രമാണുള്ളത്. വിശുദ്ധ മറിയം ഒരു മൗനസംഗീതംപോലെയാണ്. പക്ഷേ പത്തുകമ്പിയുള്ള വീണയുടെ സംഗീതം വി. അമ്മയിലുണ്ട്. ആ തന്ത്രികളെ തൊട്ടുണർത്തുന്നതാണ് ഭക്തരുടെ നിലവിളി. ആ നിലവിളിയിൽ അമ്മ അനുകമ്പയാകുന്നു. അതുകൊണ്ട് അഭയം തേടുന്നവർക്ക് അമ്മ ആശ്വാസമായി പരിണമിക്കും. ആ നിത്യകന്യകയുടെ മദ്ധ്യസ്ഥത നമുക്ക് അനുഗ്രഹമാകട്ടെ എന്ന് ആശംസിക്കുന്നു.

## പത്തനംതിട്ട കത്തീഡ്രലിൽ വാങ്ങിപ്പ് പെരുന്നാൾ

പത്തനംതിട്ട കത്തീഡ്രലിൽ വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ആഘോഷിച്ചു. 10 മുതൽ 15 വരെ നടന്ന തുമ്പമൺ ഭദ്രാസന കൺവൻഷനിൽ വെരി. റവ. റോയിമാത്യു കോർ എപ്പിസ്ക്കോപ്പാ, മാത്യു ജി. ദാനിയേൽ, ഫാ. ബൈജുചാണ്ടി, ഫാ. കുര്യൻജോയി തുടങ്ങിയവർ പ്രസംഗിച്ചു. 14 ന് ഇടവക മെത്രാപ്പോലീത്ത അഭി. യൂഹാനോൻ മാർമിലിത്തിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും വൈകിട്ട് 7 ന് നഗരംചുറ്റി റാസയും 15 ന് പ. സിനഡ് സെക്രട്ടറി അഭി. ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ വി. കുർബ്ബാനയും പ്രദക്ഷിണവും പാച്ചോർ നേർച്ചയും ഉണ്ടായിരുന്നു. തുടർന്ന് കൊടിയിറങ്ങി. പെരുന്നാളിന് വികാരി ഫാ. സാംസൺ വറുഗീസ്, ഭദ്രാസന സെക്രട്ടറി ഫാ. സാംജി വറുഗീസ്, യൂത്ത് അസ്സോ: സെക്രട്ടറി ഫാ. പോൾ ഇ. വറുഗീസ് തുടങ്ങിയവർ നേതൃത്വം നല്കി.

## പരുമലയിൽ യാക്കോബായ സഭക്ക് ദൈവാലയം

അന്ത്യോഖ്യയുടെ പൊന്നോമന പുത്രൻ മുളന്തുരുത്തി സ്വദേശി, പരുമലയിൽ കബറടങ്ങിയ മലങ്കരയുടെ മഹാപരിശുദ്ധൻ ചാത്തുരുത്തിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കബറിടം നഷ്ടപ്പെട്ടതിന്റെ വേദനയിൽ കഴിഞ്ഞിരുന്ന യാക്കോബായ സമൂഹത്തിന് കബറിടത്തിനോട് സമീപം പരിശുദ്ധന്റെ നാമത്തിൽ പൗരാണീക മാതൃകയിൽ ഒരു ദൈവാലയം എന്ന സ്വപ്നം പൂവണിയുന്നു. ആയതിനുവേണ്ട വസ്തു 60 ലക്ഷം രൂപാനല്കി നിരണം ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ വാങ്ങിക്കഴിഞ്ഞു. ഇനിയും 2 കോടിയോളം രൂപാവരും പള്ളി പണിതുയർത്തുന്നതിന്. ദൈവാലയത്തിൽ പരി. പരുമല തിരുമേനിയുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കും. സഭാംഗങ്ങളും മറ്റ് ഇടവക പള്ളികളും ഈ സംരംഭത്തോട് സഹകരിക്കുകയും സഹായിക്കുകയും ചെയ്താ ലേ നമ്മുടെ ചിരകാലസ്വപ്നം സാക്ഷാത്ക്കരിക്കൂ.



**മലങ്കരയുടെ പ്രകാശഗോപുരം**
**പുണ്യശ്ലോകനായ ആബൂൻ മോർ ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവ തിരുമനസ്സിന്റെ ശ്രാദ്ധപെരുന്നാൾ**
**സെപ്റ്റംബർ 1**

## കട്ടച്ചിറ വലിയപള്ളിയിലും തീർത്ഥാടനകേന്ദ്രത്തിലും എട്ടുനോമ്പ് പെരുന്നാൾ



വി. ദൈവമാതാവിന്റെ ചിത്രത്തിൽ നിന്ന് സുഗന്ധതൈലം ഒഴുകുന്ന ഭാരതത്തിലെ ഹോംസ് എന്നറിയപ്പെടുന്ന കട്ടച്ചിറ സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളിയിലും തീർത്ഥാടനകേന്ദ്രമായ ധ്യാനമന്ദിരത്തിലും സെപ്റ്റംബർ 1 മുതൽ 8 വരെ വി. എട്ടുനോമ്പ് പെരുന്നാൾ വിപുലമായി ആഘോഷിക്കുന്നു. എല്ലാ ദിവസവും അഭി. മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ വി. കുർബ്ബാന വൈകിട്ട് 6 ന് സന്ധ്യനമസ്ക്കാരവും രാവിലെ മദ്ധ്യസ്ഥ പ്രാർത്ഥനയും ധ്യാനവും കൗൺസിലിങ്ങ് പ്രത്യേക പ്രാർത്ഥന ഇവ ഉണ്ടായിരിക്കും. 1–ാം ഗീവറുഗീസ് മാർ ദീവന്നാസ്യോസ് 2–ാം കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് 3–ാം സഖറിയാസ് മാർ പീലക്സീനോസ്, 4–ാം കുര്യക്കോസ് മാർ തെയോഫീലോസ്, 5–ാം മാത്യൂസ് മാർ തേവോദോസ്യോസ്, 6–ാം ശ്രേഷ്ഠ കാലോതിക്കാ ആബൂൽമാർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ, 7–ാം യൂഹാനോൻ മാർ മിലിത്തിയോസ് തുടങ്ങിയവർ വി. കുർബ്ബാനക്കും ഫാ, വറുഗീസ് പനച്ചയിൽ, ഷെവ. കോശി എം. ജോർജ്ജ്, ഡീ. ബേസിൽ പടിക്കപ്പ്, ഡി. തോമസ് കയ്യാത്ര, ഫാ. പോൾമാത്യു, ഫാ. ജോസ് മൂത്താരിൽ, ഫാ. പുന്നൂസ് തരകൻ, ഫാ. രാജുജോൺ, ഫാ. പി.കെ. ജോർജ്ജ്, ഫാ. നൈനാൻ, ഫാ. സാബു, വെരി. റവ. സ്റ്റീഫൻ കോർ എപ്പിസ്ക്കോപ്പാ തുടങ്ങിയവർ സുവിശേഷപ്രസംഗം, ധ്യാനം, കൗൺസിലിംങ് തുടങ്ങിയവക്ക് നേതൃത്വം നൽകും. 6–ന് കട്ടച്ചിറ വലിയപള്ളിയിൽവെച്ച് ശ്രേഷ്ഠ ബാവ തിരുമേനി അലക്സ് എം. ജോർജ്ജിന് ഷെവലിയാർ പദവി നൽകി ആദരിക്കുകയുണ്ടായി.



പരിശുദ്ധ പൗലോസ് മാർ അത്താനാസിയോസ് മെത്രാഭിഷേക ശതാബ്ദി ആഘോഷ സമാപന സമ്മേളനം ആലുവയിൽ കേന്ദ്രമന്ത്രി വയലാർ രവി ഉദ്ഘാടനം ചെയ്യുന്നു. കുര്യാക്കോസ് മാർ സേവേറിയോസ്, മന്ത്രി ജോസ് തെറ്റയിൽ, ഏബ്രഹാം മാർ സേവേറിയോസ്, ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ, കെ.എം. മാണി എം.എൽ.എ., കെ.പി. ധനപാലൻ എം.പി., ഡോ. ടോണി ഫെർണാണ്ടസ് തുടങ്ങിയവർ സമീപം.

# BOOK POST

Printed Matter

If undelivered please return to
Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthly
Tiruvalla P.O., PTA Dist.,
Kerala, S. India

To

Sri/Smt. ........................................................................

.........................................................................................

.........................................................................................

.........................................................................................

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor: Chev. K.J. Abraham Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexandar Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website:www.yakkoobyan.org